

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നഗരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.11/1795/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നഗരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.11/1795/2025

തീയ്യതി: 16/12/2025

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 91 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 63 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ.ആർ	ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)	21-07-2025	01-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-07-2025	01-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ കെ.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റീന ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്മിത ഡി.	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ഷീജ ആർ.എസ്.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയത (വരെ
ശ്രീമതി നിയാസെലിൻ വി.ജെ.	കൃഷി ഓഫീസർ	01-04-2024	11-12-2024
ശ്രീമതി അതിഭ പി.ബി.	കൃഷി ഓഫീസർ	11-12-2024	31-03-2025
ഡോ. സുഭാഷ്	സീനീയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. ഷീന എ.ബി.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	25-10-2024

ഡോ. അനിത അനൂപ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	25-10-2024	31-03-2025
ഡോ. വിദ്യ എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	22-01-2025
ഡോ. ശ്രീകുമാർ പി.	മെഡിക്കൽ ഓഫീസർ, ആയുർവേദം	22-01-2025	31-03-2025
ശ്രീമതി ആര്യ എ.	വി.ഇ.ഒ. സർക്കിൾ-1	01-04-2024	31-03-2025
ശ്രീ. ഹരിശങ്കർ ജെ.എസ്.	വി.ഇ.ഒ. സർക്കിൾ-2	01-04-2024	06-09-2024
ശ്രീ. പ്രമോദ്കുമാർ ഡി.ആർ.	വി.ഇ.ഒ. സർക്കിൾ-2	13-09-2024	31-03-2025
ശ്രീമതി ലാലി റ്റി.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	18-08-2024
ശ്രീമതി ചിത്രകുമാരി വി.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	18-08-2024	31-03-2025
ശ്രീ. ശ്യാംരാജ് എസ്.ആർ.	അസി. സെക്രട്ടറി (ചാർജ്)	01-04-2024	01-09-2024
ശ്രീമതി ദീപ എം.ആർ.	അസി. സെക്രട്ടറി	02-09-2024	31-03-2025
ഡോ. സന്തോഷ് രാജ് എസ്.	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. അനിൽകുമാർ കെ.	അസിസ്റ്റന്റ് എഞ്ചിനീയർ, LSGD	01-04-2024	31-03-2025
ശ്രീ. ഹരീഷ് എസ്.	അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS	01-04-2024	31-03-2025
ഡോ. സരിക	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	01-04-2024	27-07-2024

ഡോ. നിഷാകുമാരി	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	28-07-2024	31-03-2025
ശ്രീമതി വി.പി. ജയശ്രീ	ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി.എസ്.നഗരൂർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	തൻവർഷത്തെ വരവ് ചെലവ് ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തി B1-ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല	1-1-2
4	സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല	1-1-3
5	പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-4
6	ILGMS ൽ ഉൾപ്പെട്ട അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-1-5
7	ILGMS ൽ ബാങ്ക് അക്കൗണ്ട് ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്നു	1-1-6
8	Panchayat’s Distress Relief Fund ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബന്ധപ്പെട്ട ഹെഡിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	B7 ഷെഡ്യൂളിലെ മുൻവർഷ നിക്ഷേപ തുകകളിലെ കാലാവധി കഴിഞ്ഞ് 3 വർഷം കഴിഞ്ഞവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്	1-1-8
10	Redemption ഇനത്തിലെ 13,82,582/- രൂപ തിരികെ ലഭിക്കാനുണ്ട്	1-1-9
11	അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല	1-1-10
12	Advance To Implementig Agencies മറുപടി ലഭ്യമാക്കേണ്ടതാണ്	1-1-11
13	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല	1-1-12

14	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-13
15	B9 ഷെഡ്യൂളിലെ ബാധ്യതാ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയിട്ടില്ല	1-1-14
16	പെർമിറ്റിനത്തിൽ തിരികെ അപേക്ഷകർക്ക് നൽകേണ്ട തുക ബാധ്യതാ ഹെഡിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-1-15
17	ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല	1-1-16
18	വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-1-17
19	പാസ് ബുക്ക് പ്രകാരം പിൻവലിച്ച തുകകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-18
20	Secured Loan From Co-Operative Bank എന്ന ഇനത്തിൽ 500/- രൂപ നീക്കിയിരിപ്പായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്	1-1-19
21	ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുത്തി പരിശോധിക്കാൻ കഴിയുന്നില്ല	1-1-20
22	ഓഡിറ്റ് റിക്കവറി വിവരങ്ങൾ പൂർണ്ണമായും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല	1-1-21
23	ബഡ്ജറ്റ്	1-2
24	സാമ്പത്തിക നില	1-3
25	ഗ്രാന്റ് വിനിയോഗം- അപാകങ്ങൾ	1-4-1
26	2020-21 സാമ്പത്തിക വർഷം ചെലവഴിക്കാതെ അവശേഷിച്ച ടൈഡ്, ബേസിക് ഗ്രാന്റിനത്തിലെ തുകകൾ ചെലവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-4-2
27	ഗ്രാന്റ് വിനിയോഗം	1-4
28	പദ്ധതി അവലോകനം	1-5

29	ക്ഷേമ പദ്ധതികൾ	1-6
30	കാഷ് പരിശോധന	1-7
31	ആഭ്യന്തര നിയന്ത്രണം	1-8
32	കീഴ്പേരൂർ അംഗൻവാടി കെട്ടിടനിർമ്മാണം വാർഡ് 2- 5,855 /- രൂപ നിരാകരിക്കുന്നു	1-9-1
33	തേക്കിൻകാട് അംഗൻവാടി കെട്ടിടനിർമ്മാണം വാർഡ് 12 - 13,736/- രൂപ നിരാകരിക്കുന്നു	1-9-2
34	അസോള ടാങ്ക് നിർമ്മാണം- എം. ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ തുക കൈമാറി	1-9-3
35	കയർ ഭൂവസ്ത്രം വിരിക്കൽ - അപാകതകൾ	1-9-4
36	മുട്ടയം മുതൽ കീഴ് പേരൂർ പാലം വരെയുള്ള അരിക് തോട് നവീകരണം വാർഡ് 1 – വിതരണം ചെയ്ത കയർ ഭൂ വസ്ത്രം എം ബുക്ക് പ്രകാരം വിനിയോഗിച്ചിട്ടില്ല	1-9-5
37	കാലിത്തൊഴുത്ത് നിർമ്മാണം - അപാകതകൾ	1-9-6
38	വ്യക്തിഗത ഗുണഭോക്താക്കൾ- ആനുകൂല്യം നൽകുന്നത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-9-7
39	നിർമ്മാണ പ്രവർത്തികൾക്ക് വിദഗ്ധ/ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളെ നിയമിക്കുന്നതിന് മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല	1-9-8
40	വ്യക്തിഗത കിണർ നിർമ്മാണം - അപാകതകൾ	1-9-9
41	തൊഴിലുറപ്പ് പദ്ധതി	1-9
42	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
43	കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല	1-11-1
44	നികുതി നിർണയിക്കുകയോ കെ സ്മാർട്ടിലേയ്ക്കുള്ള പോർട്ടിംഗ് നടപ്പാക്കുകയോ ചെയ്തിട്ടില്ല	1-11-2

45	വസ്തു നികുതി പരിഷ്കരണം-എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചില്ല	1-11-3
46	വസ്തു നികുതിയുടെ വാർഷിക വർദ്ധനവ് നൽകാതെ നികുതി ഡിമാന്റ് ചെയ്തു	1-11-4
47	വസ്തു നികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് നികുതി പുനർ നിർണയിച്ചിട്ടില്ല	1-11-5
48	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം	1-11-6
49	പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകം	1-11-7
50	വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ - നികുതി നിർണയിക്കുന്നതിലും തുടർനടപടികളിലും അപാകം	1-11-8
51	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തെറ്റായ ഇളവുകൾ നൽകി നികുതി നിർണയിച്ചു	1-11-9
52	പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഇളവ് അനുവദിച്ചു	1-11-10
53	വസ്തു നികുതി - അപാകങ്ങൾ	1-11
54	നിയമാനുസൃതമല്ലാത്ത നിർമ്മാണം - തുടർ നടപടികളിൽ അപാകം	1-11-11
55	വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഇളവ് അനുവദിച്ചു	1-11-12
56	കെട്ടിടങ്ങളുടെ കാലപ്പഴക്കം തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകി	1-11-13
57	പെർമിറ്റ് അനുവദിക്കുന്നതിലും രജിസ്റ്റർ പരിപാലനത്തിലും അപാകം	1-12-1
58	നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പരിശോധിക്കാതെ അധിക നിർമ്മാണത്തിന്	1-12-2

	പെർമിറ്റ് അനുവദിച്ചു	
59	ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു.	1-12-3
60	നിയമാനുസൃത രേഖകൾ ലഭ്യമാക്കാതെ കെട്ടിട നമ്പർ നൽകുന്നു	1-12-4
61	കെട്ടിടനിർമ്മാണ പെർമിറ്റ് നൽകൽ - അപാകങ്ങൾ	1-12
62	തൊഴിൽ നികുതി - അപാകതകൾ	1-13
63	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ	1-14
64	പൗൾട്രി മീറ്റ് വില്പന കേന്ദ്രങ്ങൾക്ക് ലൈസൻസ് - അപാകങ്ങൾ	1-15
65	സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ	1-16
66	ജിംനേഷ്യം - Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് നൽകിയിതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല	1-17
67	രജിസ്ട്രേഷൻ കൂടാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-18
68	ടെലികോം കമ്പനികളുടെ ജി.ഐ പോൾ വാടക ഈടാക്കുന്നില്ല	1-19
69	വാടക, ലേലം - രേഖകൾ ലഭ്യമാക്കിയില്ല	1-20
70	ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ	1-21
71	വളർത്തു നായകൾ ലൈസൻസ് നൽകുന്നതിൽ അപാകം	1-22
72	തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല	1-23
73	തനത് വരുമാനം - നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം	1-24
74	അങ്കണവാടികളിൽ പോഷകാഹാരം - ജി.എസ്.ടി തുക കുറവ് ചെയ്യേണ്ടതാണ്	1-25

75	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം	1-26
76	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - 4,980/- രൂപ നിരാകരിക്കുന്നു	1-27
77	ഭരണസമിതി തീരുമാനം - തുടർനടപടി - വിവരം ലഭ്യമാക്കിയില്ല	1-28
78	വനിതാഗ്രൂപ്പുകൾക്ക് ശിങ്കാരി മേളം-വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - 4,50,000/- രൂപ തടസ്സം ചെയ്യുന്നു	1-29
79	സ്ക്കൂളുകളിൽ ശലഭ പാർക്ക് - അപാകതകൾ	1-30
80	ഹരിതകർമ്മസേനാ വാഹനം - വാറണ്ടി പീരിഡിനുള്ളിൽ ബാറ്ററി മാറ്റി വാങ്ങിയ 33,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-31
81	വൗച്ചർ - അപാകതകൾ	1-32
82	കരാർ / ദിവസവേതന ജീവനക്കാരുടെ നിയമനം	1-33
83	സകർമ്മ മിനിട്സ് - സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല	1-34
84	തെരുവു വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല/ ആദായനികുതി TDS ഈടാക്കിയില്ല	1-35
85	ഐ.കെ.എം ന് മുൻവർഷങ്ങളിൽ അധികമായി നൽകിയ തുക ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്	1-36
86	ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് വിസിറ്റേഴ്സ് ചെയർ വാങ്ങൽ - പ്രോക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചില്ല	1-37
87	വാട്ടർ അതോറിറ്റി - വെള്ളക്കരം - കുടിശ്ശിക അടവാക്കിയിട്ടില്ല	1-38
88	വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - ചെലവ് തടസ്സം ചെയ്യുന്നു	1-39
89	ജലജീവൻ മിഷൻ പദ്ധതി - അവലോകനം	1-40
90	ഗാർഹിക കുടിവെള്ള ടാങ്ക് വിതരണം (പട്ടികജാതി) - കൈപ്പറ്റ് രേഖ ഹാജരാക്കേണ്ടതാണ്	1-41

91	സാനിറ്ററിപാഡ് ഡിസ്ട്രോയർ സ്ഥാപിക്കൽ - അപാകം	1-42
92	ലെഗസി മാലിന്യം നീക്കം ചെയ്യൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-43
93	അഗതിരഹിത കേരളം - ഭവനപുനരുദ്ധാരണം - വാല്യുവേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്	1-44
94	പട്ടികജാതി വനിതകളുടെ വിവാഹ ധനസഹായം - സമയപരിധി കഴിഞ്ഞ് സമർപ്പിച്ച അപേക്ഷയിൽ, ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കിയില്ല	1-45
95	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകം - 40,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.	1-46
96	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - 2,47,762/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു	1-47
97	ഹെൽത്ത് ഗ്രാന്റ് വിനിയോഗം	1-48
98	ഇ ടെണ്ടർ ഫോറം വില - വിശദാംശം ലഭ്യമാക്കിയില്ല	1-49
99	മെൻസ്ട്രുവൽ കപ്പ് വിതരണം - രേഖകൾ ലഭ്യമല്ല - 1,85,615/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-50
100	പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല 10,64,760/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-51-1
101	മരുന്ന് ലഭ്യമായില്ല 22,359/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-51-2
102	മരുന്ന് ലഭ്യമായില്ല - 61,957/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-51-3
103	ക്വട്ടേഷനില്ലാതെ സാധനങ്ങൾ വാങ്ങി, മരുന്ന് പൂർണ്ണമായും ലഭ്യമായില്ല 1,841/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-51
104	ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-52

105	ആശ്വാസ് പദ്ധതി - വൃക്കരോഗികൾക്ക് ധനസഹായമനുവദിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല. 1,01,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-53
106	KMSCL-ൽ നിന്നും ഉപകരണങ്ങൾ ലഭ്യമായില്ല - 56,757/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-54
107	മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ	1-55
108	ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറുന്നില്ല	1-56
109	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്ററർ ഏർപ്പെടുത്തൽ - പണം കൈമാറിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല - 1,02,354/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-57
110	മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല - 8,60,210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-58
111	മരാമത്ത് പ്രവൃത്തികളുടെ കാലാവധി നീട്ടൽ, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	1-59
112	ഭവന പുനരുദ്ധാരണം പൂർത്തിയായില്ല - 35,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-60-1
113	ഭവന പുനരുദ്ധാരണം പൂർത്തിയായില്ല - 50,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-60-2
114	ഭവന പുനരുദ്ദാരണം പൂർത്തിയാക്കിയില്ല - 1,15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-60-3
115	ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല - 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-60

116	ലൈഫ് 2020 (Scp) പദ്ധതി - സാംഖ്യ ബിൽതുകകളുടെ ആകെ തുകയും സുലേഖപ്രകാരമുള്ള ആകെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-61
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - 4,980/- രൂപ നിരാകരിക്കുന്നു	3-1
2	കീഴ്പേരൂർ അംഗൻവാടി കെട്ടിടനിർമ്മാണം വാർഡ് 2- 5,855 /- രൂപ നിരാകരിക്കുന്നു	3-2
3	തേക്കിൻകാട് അംഗൻവാടി കെട്ടിടനിർമ്മാണം വാർഡ് 12 - 13,756/- രൂപ നിരാകരിക്കുന്നു	3-3
ഭാഗം 4		
1	മെഡിസെപ്പ് അവലോകനം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക ധ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേല ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പ സമർപ്പിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 25, 25.07.2025) വാർഷിക അനുപാതം കണക്കാക്കുന്നതിനുള്ള ക്രമീകരണം lLGMS സോ ലഭ്യമല്ലാത്തതിനാലാണ് സമർപ്പിക്കാത്തതെന്നും സോഫ്റ്റ് വെയർ അപ്ഡേറ്റ് ആകുന്ന മു പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ സംബന്ധിച്ച് മറുപടി ല അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നഗരൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അ ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025 തീയതിയിലെ 2 നം. തീരുമ അംഗീകരിച്ച് 26.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓ ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കി അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്ന ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ച സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഉ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ അ വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടി അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വ

സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നഗരൂർ ഗ്രാമ പഞ്ചായത്ത വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.20.2025ൽ അവസാനിച്ച സാമ്പത്തിക സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായ നൽകുന്നു.

1-1-2 തൻവർഷത്തെ വരവ് ചെലവ് ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തി B1-ഷെഡ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ വരവ് ചെലവ് ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തി B1-ഷെഡ്യൂ കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറി എൻക്വയറി നം. 23/ 2024-25, 25.07.2025). ILGMS സോഫ്റ്റ് വെയറിൽ ലഭ്യമല്ലാ സമർപ്പിക്കാത്തതെന്ന മറുപടി ലഭ്യമാക്കി.

അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-3 സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല

2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായ വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തു രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എ 23/ 2024-25, 25.07.2025) 2023-24 വർഷം 60,000/- ജേണൽ എൻട്രി ചെയ്ത് മാറ്റിയതിനാലാണ കാണുന്നതെന്നും തുടർ വർഷങ്ങളിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി സമർപ്പിക്കുന്നതാണെന്നും മറു അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-4 പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് RP -40(B) യിൽ ഉൾപ്പെട്ട ചു അക്കൗണ്ടുകളുടെ പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	അക്കൗണ്ട് നം.	നീക്കിയിര
1	Indian Overseas Bank-12881	
2	Sub Treasury Kilimanoor.-701081400000003	
3	Sub Treasury Kilimanoor.-799011400001576	
4	Treasury Old Account - 2030	
5	SDTSB- DEFERRED SALARY- 799012900000763	
6	INDIAN BANK- 7138727858	

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 25.07.2025) 2024-25 സാമ്പത്തിക വർഷത്തിൽ ട്രാൻസാക്ഷൻ ഇല്ലാതിരുന്നതിനാലാണ് അ റികൺസിലിയേഷൻ നടത്താതിരുന്നതെന്നും 2025-26 സാമ്പത്തിക വർഷം ടി ബാ റികൺസിലിയേഷൻ നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ട

1-1-5 ILGMS ൽ ഉൾപ്പെട്ട അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ട

ILGMS ൽ ഉൾപ്പെട്ട ചുവടെ പറയുന്ന അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടി പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയും ലഭ്യമല്ല.

ക്രമ നം.	അക്കൗണ്ട് നം.	നീക്കിയിരിപ്പ് തുക
1	Indian Overseas Bank -46501000027019	0
2	Indian Overseas Bank- 465010000012210	0
3	INDIAN OVERSEAS BANK - 046501000033679	0
4	INDIAN OVERSEAS BANK DUPLICATE- 999999	0
5	Other Co-Operative Bank-1453	0
6	Other Co-Operative Bank-18	0

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 25.07.2025) 2024-25 സാമ്പത്തിക വർഷത്തിൽ ട്രാൻസാക്ഷൻ ഇല്ലാതിരുന്നതിനാലാണ് അ റികൺസിലിയേഷൻ നടത്താതിരുന്നതെന്നും റികൺസിലിയേഷൻ നടത്തി അറിയിക്കുന്നതാ ലഭ്യമാക്കി. അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-6 ILGMS ൽ ബാങ്ക് അക്കൗണ്ട് ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്നു

INDIAN BANK- Duplicate 7138727858 എന്ന പേരിൽ ILGMS ൽ ബാങ്ക് അക്കൗണ്ട് ആവർത്ത സാഹചര്യം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 23/ 2024-2 ILGMS സോഫ്റ്റ് വെയർ 2022-23 സാമ്പത്തിക വർഷത്തിലാണ് നിലവിൽ വന്നതെന്നും ടി സാംഖ്യയിൽ നിന്നും ILGMS ലേക്ക് ബാങ്ക് അക്കൗണ്ടുകൾ ട്രാൻസ്ഫർ ചെയ്തപ്പോൾ വന്ന അപാകത BANK DUPLICATE 71387278583 പേരിൽ ആവർത്തിച്ചതെന്നും 2025-26 സാമ്പത്തിക വർഷ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകം ഒഴിവാക്കി അറിയിക്കേണ്ടതാണ്.

1-1-7 Panchayat's Distress Relief Fund ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബന്ധ ഹെഡിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

INDIAN OVERSEAS BANK - (Distress Relief Fund) 046501000033697 നം അക്കൗണ്ടിൽ നീക്കി രൂപയാണ്. എന്നാൽ ഹെഡ് കോഡ് 311100101 Panchayat's Distress Relief Fund ൽ നീക്കിയിരുപ്പ് രൂപയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 25.07.2025) ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണ്ണ് നീക്കം ചെയ്യ കൂടുതലുള്ള കെട്ടിട ഉടമകളിൽ നിന്നും 5,000/- രൂപ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഈടാക്കുന്നതിനായി ഭരണസമിതി തീരുമാനിച്ചിരുന്നതായും അത്തരത്തിൽ ഈടാക്കിയ 2 ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലാണ് അടവാക്കിയിട്ടുള്ളതെന്നും. ഓഡിറ്റ് പരാമർശ 30.07.2025 തീയതിയിലെ 000202 നമ്പർ ചെക്ക് പ്രകാരം തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ

നിധിയിലേക്ക് (INDIAN OVERSEAS BANK DISTRESS RELIEF FUND 046501000033697) മാറ്റിയിട്ടു
ലഭ്യമാക്കി. എന്നാൽ മറുപടി പ്രകാരമുള്ള തുക കൂടി കണക്കിലെടുത്താലും അക്കൗണ്ടിലെ തുക
ഹെഡിലെ തുകയും പൊരുത്തപ്പെടുത്താൻ സാധിക്കുന്നില്ല. അപാകം പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേ

1-1-8 B7 ഷെഡ്യൂളിലെ മുൻവർഷ നിക്ഷേപ തുകകളിലെ കാലാവധി കഴിഞ്ഞ് 3 വർഷ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

B7 ഷെഡ്യൂളിലെ ചുവടെ പറയുന്ന മുൻവർഷ ഡെപ്പോസിറ്റ് തുകകളിലെ കാലാവധി (3 വർഷം) കഴ
ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ
നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 23/ 2024-25, 25.07.2025) കാലാ
നിക്ഷേപങ്ങൾ പഞ്ചായത്ത് ഹെഡിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാ
ലഭ്യമാക്കി.

ഹെഡ്	ഇനം	2024-25 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്	രജിസ്റ്റർ പ്രകാരം തുകകൾ ഉ കാലയളവ്
340100101	Contractors'EMD	97,076	2020-21 മുതൽ 2023-24
340100102	Suppliers'EMD	2,981	2020-21
340100103	Bidders' EMD	21,350	2020-21 മുതൽ 2024-2
340100202	Suppliers Security Deposit	600	2019-20
340100301	Contractors Retention	4,56,005	2018-19 To 2024-25
340200101	Rent Deposit	8,610	2012-14 To 2017-18

മുൻവർഷ നിക്ഷേപ തുകകളിലെ കാലാവധി (3 വർഷം) കഴിഞ്ഞവ തനത് ഫണ്ടിലേക്ക് മുതൽക്
ലഭ്യമാക്കേണ്ടതാണ്.

1-1-9 Redemption ഇനത്തിലെ 13,82,582/- രൂപ തിരികെ ലഭിക്കാനുണ്ട്

AFS പ്രകാരം 431500199 നം. ഹെഡിൽ Recievables Of Redemption ഇനത്തിൽ 55,9
രേഖപ്പെടുത്തിയയിട്ടുണ്ട്. ഇത് തിരികെ ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ അന്വേഷ
(ഓഡിറ്റ് എൻക്വയറി നം. 23/ 2024-25, 25.07.2025) SDTSB-Deffered Salary (7990
അക്കൗണ്ടിലുള്ള 1,32,400/- രൂപയും STSB-70108140000003 അക്കൗണ്ടിൽ നിന്നും 5,820/-
799011400001576 അക്കൗണ്ടിൽ നിന്നും 12,44,362/- രൂപയും Redemption പ്രകാരം പിടിച്ചിട്ടു
ലഭ്യമായിട്ടില്ലായെന്നും ആയത് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും Redumption
13,82,582/- രൂപ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി.

1-1-10 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂളിൽ ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ ക്രമീകരിക്കാ കാണുന്നു. അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാത്തതിന്റെ കാരണം സംബന്ധിച്ച് നൽകിയ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 23/ 2024-25, 25.07.2025) ലഭ്യമാക്കിയ മറുപടിയുടെ അടി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	വിശദാംശം	വാർഷിക ധനകാര്യ പത്രികിലെ തുക	മറുപടി
460100101	Festival Advance	12,000/-	മുൻകാലങ്ങളിലെ കുടിശ്ശികയാണ്. സാംഖ്യ പരിശോധിച്ചതിൽ ആരിൽ നിന്നുമാണ് ഈടാക്കേ വിവരം ലഭ്യമാകുന്നില്ലാ എന്ന് അറിയിച്ചു
460100103	Temporary Advances For Official Purposes	8,86,549/- (മുൻവർഷം – 5,46,549.00)	Local Sankhya നിലവിലുള്ളപ്പോഴുള്ള കു 5,46,549/- രൂപ എന്നും 1,70,000/- ര ക്ലീനിംഗിനായി ശുചിത്വ മിഷനിൽ ലഭ്യമാകേണ്ടതാണെന്നും 1,70,000/- രൂപ ര ക്ലിന്നിംഗ് പഞ്ചായത്ത് വിഹിതമാണ്. ഹെഡ് മാ ചെയ്തതാണെന്നും 2025-26 സാമ്പത്തിക വർ കറക്ഷൻ നടത്തി ടി അപാകത പരിഹരിക്കുന്ന അറിയിച്ചു.
460100199	Other Advances	1,91,826/-	Local Sankhiya നിലവിലുള്ളപ്പോഴുള്ള കുടിശ്ശികയാ രൂപാ എന്നും കേരളോത്സ നടത്തിപ്പിനായി നര 1,00,000/ രൂപ, ഇത് തനത് ഫണ്ട് ന ഏറ്റെടുത്തിട്ടുള്ള പ്രോജക്ടായിരുന്നുവെന്നും അംഗീകാരം ലഭിക്കുന്നതിന് മുന്നേ നൽകിയതാണെന്നും ജേണൽ വിട്ടുപോയിട്ടുള്ളതാണെന്നും ആയത് 2025-26 വർഷം ജേണൽ എൻടി വരുത്തി പത്രികയി പരിഹരിക്കുന്നതാണെന്ന റിപ്പോർട്ട് ചെയ്തു.
460500501	Advance To Implementing Officers	1,66,334/-	Local Sankhya നിലവിലുള്ളപ്പോഴുള്ള കുടിശ്ശികയാ രൂപായെന്നും 2024-25 വർഷത്തിൽ പ്രോജക്ട് നം. വി.ഇ.ഒ യ്ക്ക് വ്യക്തിഗത ഗാർഹിക നിർമ്മാണത്തിനായി 1,02,000/- രൂപ നൽകിയെന്നും പ്രോ.നം.246 പ്രകാരം അസി. സാനിറ്ററി പാഡ് ഡിസ്പോയർ സ്ഥാപിക്കുന്നതിനാ രൂപ അഡ്വാൻസ് നൽകിയന്നും ടി ലഭ്യമാക്കുന്നതിനായി ശുചിത്വമിഷന് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി.

460500801	Advance To MGNREGA /AUEGS Administrative Expense	21,32,887/-	MGNREGS Admin Fund ലഭ്യമാകുന്ന മുറ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓണം അഡ്വാൻസായി അനുവദിച്ച തുക അടവാക്കാത്തവരുടെ വിവരം രേഖകൾ പരിശോധി തിരികെ ഈടാക്കേണ്ടതും മറ്റ് അഡ്വാൻസുകൾ ക്രമീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-1-11 Advance To Implementig Agencies മുൻപടി ലഭ്യമാക്കേണ്ടതാണ്

B18 ഷെഡ്യൂളിൽ Advance To Implementig Agencies ഇനത്തിൽ ചുവടെ പറയുന്ന തുകകൾ രേഖപ്പെടുത

ഹെഡ് കോഡ്	വിശദാംശം	വാർഷിക ധ പത്രികിലെ
460500201	Advance To Implementig Agencies- Deposit With KWA	
460500202	Advance To Implementig Agencies Deposit With - KSEB	
460500204	Advance To Implementig Agencies – Deposit With Ground Water Department	
460500499	Advance To Other Accredited Agencies	

മേൽ പട്ടികകൾ പ്രകാരം തുക അനുവദിച്ച പദ്ധതികൾ ഏത് ഘട്ടം വരെ പൂർത്തിയായെന്ന് അറിയ യഥാസമയം ലഭ്യമാകാത്തതിനുള്ള കാരണം വ്യക്തമാക്കുവാനും നിക്ഷേപ പ്രവൃത്തികൾക അഡ്വാൻസുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും സംബന്ധിച്ച് നൽകിയ അന്വേഷണ കുറി എൻക്വയറി നം. 23/ 2024-25, 25.07.2025, ക്രമ നം.12) മുൻപടി ലഭ്യമാക്കിയില്ല. മുൻപടി ലഭ്യമാ ഒഴിവാക്കേണ്ടതാണ്.

1-1-12 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂ വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടു എന്നാൽ പ്രതിമാസം ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല 2024-25 വർഷാവസാനം മാത്രമ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഡിമാന്റ് രേഖപ്പെടുത്തിയ തീയതി	ഹെഡ് കോഡ്/ഇനം	ഡിമാന്റ് രേഖപ്പെടു വൗച്ചർ നമ്പർ
31-03-2025	110100101 Receivables For Property Tax On Residential Buildings(Current)	42401771
31-03-2025	110100102	42401772

	Receivables For Property Tax On Non-Residential Buildings (Current)	

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 23/ 2024-2 വരും വർഷങ്ങളിൽ യഥാസമയം ഡിമാന്റ് ചെയ്ത് ജേണൽ എൻട്രി വരുത്തുന്നതാണെന്ന് മറുപ അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-13 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്ന പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക 2024-25, 25.07.2025) ILGMS ൽ Provision രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ലഭ്യമല്ലാതിരു ആയത് രേഖപ്പെടുത്താതിരുന്നതെന്നും Provision സംവിധാനം ലഭ്യമാകുന്ന മുറ രേഖപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-14 B9 ഷെഡ്യൂളിലെ ബാധ്യതാ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയിട്ടില്ല

2024-25 വർഷത്തെ ബാലൻസ് ഷീറ്റിൽ B9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരി ചേർക്കുന്ന തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ല ഒടുക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷ (ഓഡിറ്റ് എൻക്വയറി നം. 23/ 2024-25, 25.07.2025) ലഭ്യമാക്കിയ മറുപടിയുടെ അടി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ധനകാര്യപത്രിക പ്രകാരമുള്ള തുക (B9)	മറുപടി
350200119	Recoveries Payable - Covid	1,32,400.00	Redemption പ്രകാരം സർക്കാർ പ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലാത്തതാണ്.
350200199	Other Recoveries From Employees	12,327.00	ജനപ്രതിനിധികളുടെ ഡഫേർഡ് സാലറി
350200204	Recoveries Payable - National Pension Scheme	40,157.00	19,332/- രൂപ മാർച്ച് മാസത്തെ NPS ഏപ്രിലിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. പുതുതായി ചെയ്ത ക്ലാർക്കിന്റെ സാലറിയിൽ നിന്നും ഇ NPS തുക 20,825/- രൂപ Pran ലഭ്യമാകാതിരുന്നതിനാലാണ് ഒടുക്കുവരുത്താതിരുന്നതെന്നും തുക ഉടൻ

			ഒടുക്കുവരുത്തി അറിയിക്കുന്നതാണെന്നും ലഭ്യമാക്കി.
350200299	Recoveries Payable - Other Deductions	44,022.00	മറുപടി ലഭ്യമാക്കിയില്ല
350300101	Government And Other Dues Payable - Library Cess	2,23,879.00	ഒടുക്കു വരുത്തി അറിയിക്കുന്നതാണെന്ന് ലഭ്യമാക്കി.
350300102	Government And Other Dues Payable - Poor Home Cess	5	മറുപടി ലഭ്യമാക്കിയില്ല
350300104	Government And Other Dues Payable - Service Tax	1	മറുപടി ലഭ്യമാക്കിയില്ല
350300108	Government And Other Dues Payable - Royalty	1,500.00	മറുപടി ലഭ്യമാക്കിയില്ല
350300112	Government And Other Dues Payable -Value Of Court Fee Stamp	1,365.00	സർക്കാരിലേക്ക് ഒടുക്കു അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.
350300199	Government And Other Dues Payable - Others	2,56,897.00	മറുപടി ലഭ്യമാക്കിയില്ല
350400501	Refunds Payable - Grants And Funds	9,600.00	ലൈഫ് ഗുണഭോക്താവിൽ പൂർത്തീകരിക്കാത്തതിനാൽ ബ്ലോക്ക് വിഹിതമായി ലഭിച്ച 80,000 രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്നും അ പലിശ ഇനത്തിൽ ഈടാക്കിയ 9,600 രൂ Refunds Payable Grands And Fund ഹെഡിലുള്ളതെന്നും മറുപടി ലഭ്യമാക്കി.
350409901	Refunds Payable -	1,55,800.00	മറുപടി ലഭ്യമാക്കിയില്ല

	Others		

ബാധ്യതാ തുകകൾ ഒടുക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-1-15 പെർമിറ്റിനത്തിൽ തിരികെ അപേക്ഷകർക്ക് നൽകേണ്ട തുക ബാധ്യതാ ഹെഡ് ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പെർമിറ്റിനത്തിൽ തിരികെ അപേക്ഷകർക്ക് നൽകേണ്ട തുക ബാലൻസ് ഷീറ്റിൽ ബാധ്യ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറ എൻകൃയറി നം. 89/ 2024-25, 01.08.2025) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്ക ഒഴിവാക്കേണ്ടതാണ്.

1-1-16 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 (ഇ) പ്രകാരം ലെഡ്ജർ ബാല ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തേണ്ടതു ചെയ്യാത്തതിന്റെ കാരണംസംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻകൃയറി നം. 25.07.2025) തുടർ മാസങ്ങളിൽ പൊരുത്തപ്പെടുത്തലുകൾ വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-17 വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പാസ് ബുക്ക് പ്രകാരം വരവായി ലഭിച്ച ചുവടെ പറയുന്ന തുക (450210102 ___ DISTRICT CO-OPE (104812803000029)) ഏതിനത്തിലെ വരവാണെന്നത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറി എൻകൃയറി നം. 89/ 2024-25, 01.08.2025) മറുപടി ലഭ്യമാക്കിയില്ല.

പാസ് ബുക്ക് പ്രകാരം തുക ലഭിച്ച തീയതി	തുക
23.04.2024	2,21,799
29.04.2024	16,143
11.07.2024	1,99,420
07.08.2024	66,939
02.09.2024	50,000
13.09.2024	40,832
26.09.2024	1,20,280

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-1-18 പാസ് ബുക്ക് പ്രകാരം പിൻവലിച്ച തുകകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടു

പാസ് ബുക്ക് പ്രകാരം പിൻവലിച്ച ചുവടെ പറയുന്ന തുകകൾ (450210102 _ DISTRICT CO-OPE (104812803000029)) ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

ബാങ്ക് ബുക്ക പ്രകാരം പിൻവലിച്ച തുക	പാസ് ബുക്ക് പ്രകാരമുള്ള തുക	വൗച്ചർ നമ്പർ/ തീയതി
രേഖപ്പെടുത്തൽ ഇല്ല	150/-	39/30.10.2024
2,860/-	3,085/-	90/22.01.2025
രേഖപ്പെടുത്തൽ ഇല്ല	3,000/-	110/01.03.2025
3,07,835/-	3,55,967/-	129/28.03.2025
രേഖപ്പെടുത്തൽ ഇല്ല	500/-	136/29.03.2025
25,318/-	10,531/-	140/29.03.2025

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 89/ 2024-2 മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-1-19 Secured Loan From Co-Operative Bank എന്ന ഇനത്തിൽ 500/- രൂപ നീക്ക സാഹചര്യം വ്യക്തമാക്കേണ്ടതാണ്

330500102 നം. ഹെഡിൽ Secured Loan From Co-Operative Bank എന്ന ഇനത്തിൽ നീക്കിയിരിപ്പായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് എൻക്വയറി നം. 23/ 2024-25, 25.07.2025) വിവരങ്ങൾ ILGMS ൽ ലഭ്യമല്ലെന്നും ലോക്കൽ സാംഖ്യ നീക്കിയിരിപ്പായ സാഹചര്യം വ്യക്തമാക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. മറുപടി ലഭ്യമാക്ക ഒഴിവാക്കേണ്ടതാണ്.

1-1-20 ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുത്തി പരിശോ കഴിയുന്നില്ല

സ്ഥാപനം സൂക്ഷിച്ചിരിക്കുന്ന ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊ പരിശോധിക്കാൻ കഴിയുന്നില്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 25.07.2025) ലോൺ രജിസ്റ്ററിൽ ലഭ്യമായ രേഖകളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെന്നും വ്യത്യാസത പരിശോധിച്ച് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തല റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-1-21 ഓഡിറ്റ് റിക്കവറി വിവരങ്ങൾ പൂർണ്ണമായും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം താഴെചേർക്കുന്ന വരവുകൾ മുഴുവനായും വാർഷിക ക ബന്ധപ്പെട്ട ഹെഡിലുൾപ്പെട്ടിട്ടില്ല.

ക്രമ നം.	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും	രസീത് നം/തീയ
1	2023-24	1-35	500/-	ചന്ദ്രബാബു. ബി	..
2	2023-24	1-30	15,120/-	ശ്രീമതി ജയശ്രീ വി.പി., ഹെഡ്മിസ്ട്രസ്	ചലാൻ നം- KL037686567202425 DT-19-2-25
3	2023-24	1-30	126/-	ശ്രീമതി ജയശ്രീ വി.പി., ഹെഡ്മിസ്ട്രസ്	ചലാൻ നം- KL0400540162425M/ DT-11-3-25

ക്രമ നം. 1 പ്രകാരമുള്ള 500/- രൂപ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. അപാകം പരി ലഭ്യമാക്കേണ്ടതാണ്.

1-2 ബഡ്ജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച ചേർക്കുന്നു

	ബജറ്റ്	റിവൈസ്ഡ് ബ
പാസ്സാക്കിയ തീയതി	07.02.2024	15.02.2025
ഭരണസമിതി തീരുമാനം	1(1)	4(1)
മുന്നിരിപ്പ്	2,50,95,698	
പ്രതീക്ഷിത വരവ്	33,30,18,081	4
ആകെ	35,81,13,779	4
പ്രതീക്ഷിത ചെലവ്	34,81,16,378	
നീക്കിയിരിപ്പ്	99,97,401	

1-3 സാമ്പത്തിക നില

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	
ഓഡിറ്റ് വർഷത്തെ വരവ്	
ആകെ	1
ഓഡിറ്റ് വർഷത്തെ ചെലവ്	
നീക്കിയിരിപ്പ്	

1-4-1 ഗ്രാന്റ് വിനിയോഗം- അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്ത വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ച
ഉല്പാദനം	പൊതുവിഭാഗം	1,31,41,928	86,48,906	
	പട്ടിക ജാതി വിഭാഗം	16,49,000	7,92,000	
സേവനം	പൊതുവിഭാഗം	7,01,48,312	4,17,66,034	
	പട്ടിക ജാതി വിഭാഗം	29532134	2,02,65,187	
പശ്ചാത്തലം	പൊതുവിഭാഗം	2,89,44,108	2,12,77,856	
	പട്ടിക ജാതി വിഭാഗം	30,901	-	

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 2 25.07.2025) ചെലവ് പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാ ലഭ്യമാക്കി.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായ വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കു കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തു ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാന (%)
വനിത ഘടക പദ്ധതി	36,94,700	10,84,948	29.36
കുട്ടികൾ	6,45,398	5,89,154	91.28
വൃദ്ധർ	15,16,028	14,93,023	98.48
ഭിന്നശേഷിയുള്ളവർ	18,54,032	16,25,455	87.67
അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ	50,000	38,011	76

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 25.07.2025) ചെലവ് പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാ ലഭ്യമാക്കി.

3) സംയുക്ത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിലുൾപ്പെടെ ലഭി ചേർക്കുന്നു. 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയ നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 24 / 2024-25, 25.07.2025) ലോ ഉള്ളപ്പോൾ നിലവിലുള്ള ബാലൻസ് തുക ആണെന്നും രേഖകൾ പരിശോധിച്ച് വിശദീകരണം നൽക മറുപടി ലഭ്യമാക്കി.

ക്രമ നം	കോഡ്	തദ്ദേശ സ്ഥാപനം	
1	320700104	Block Panchayath(For Capital Expenditure)	1
2	320700105	Contributions For Joint Venture Projects (For Capital Expenditure) From District Panchayats	2
3	320700204	Block Panchayath(For Revenue Expenditure)	3,(
4	320700205	District Panchayats	6,(

രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ നീക്കിയിരിപ്പായതിന്റെ ചുവ

ഹെഡ് കോഡ്	ഇനം	B-4 ഷെ പ്രകാരമു
320200399	Grants, Funds & Contributions For Specific Purposes - Other Than Development- Fund And State Sponsored Scheme Funds - Other Purposes	2
320300102	Grants, Funds & Contributions For Specific Purposes - Other Government-Agencies - Jalanidhi	
320300103	Grants, Funds & Contributions For Specific Purposes - Other Government-Agencies - Total Sanitation	2,8
320300199	**Grants, Funds & Contributions For Specific Purposes - Other Government Agencies**	10,9
320400199	**Grants, Funds & Contributions For Specific Purposes - Other Financial- Institutions**	1

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവു പരാമർശം ഒഴിവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 24 / 2024-25, 25.07.2025)

5) Beneficiary Contribution ഇനത്തിൽ മുൻവർഷത്തിലെ ഉൾപ്പെടെ തുക ചെലവഴിക്കാതെ അവശേഷ

Beneficiary Contribution ഇനത്തിൽ മുൻവർഷത്തിലെ ഉൾപ്പെടെ ചെലവഴിക്കാതെ അവശേഷിക്കു രൂപ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവു നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 24 / 2024-25, 25.07.2025) ലോ ഉള്ളപ്പോൾ നിലവിലുള്ള ബാലൻസ് തുക 2,23,933/- രൂപയുടെ രേഖകൾ പരിശോധിച്ച് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. ശേഷിക്കുന്ന തുക നിർവഹണോദ്യോഗസ്ഥനായ വി.ഇ. വിഹിതം തിരികെ ലഭ്യമാക്കുന്നതിന് റിക്വിസിഷൻ നൽകാത്തതിനാലാണ് തനത് ഫണ്ട് ബാലൻസ് ആയി നിൽക്കുന്നതെന്ന് മറുപടി ലഭ്യമാക്കി.

2,23,933/- രൂപയുടെ രേഖകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6) Other Liabilities ഇനത്തിൽ ശേഷിക്കുന്ന 1,22,786/- രൂപ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

320100999 എന്ന ഹെഡിൽ Other Liabilities ഇനത്തിൽ ശേഷിക്കുന്ന 1,22,786/- രൂപ വിശദാംശങ്ങൾ ലഭ്യമാക്കുവാനും തുക ഏത് അക്കൗണ്ടിലാണ് നിലനിർത്തിയിട്ടുള്ളതെന്നത്

നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 24 / 2024-25, 25.07.2025) ലോക്കൽ നിലനിൽക്കുന്നതാണെന്നും രേഖകൾ പരിശോധിച്ച് വിശദീകരണം ഹാജരാക്കുന്നതാണെന്നും മറുപടി

വിശദീകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

7) തുകകൾ ചെലവഴിക്കാതെ നീക്കിയിരിപ്പ് ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ചുവടെ പറയുന്ന തുകകൾ ചെലവഴിക്കാതെ നീക്കിയിരിപ്പ് ആയതിന്റെ കാരണം വ്യക്തമാക്കിയില്ല

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമു
320100152	Other Schemes	
320100160	Rural Housing-Housing For All	3(
320100195	Grants/Funds For Pandemic/Epidemic Control	1
320100196	**Integrated Child Developement Scheme**	4,1
320100197	**Literacy Scheme Grant**	
320100199	**Grant For Keralotsavam**	

മേൽ തുകകൾ ചെവഴിക്കാതെ നീക്കിയിരിപ്പായതിന്റെ കാരണം വ്യക്തമാക്കി പരാമർശം ഒഴിവാക്കേ (ഓഡിറ്റ് എൻക്വയറി നം. 24 / 2024-25, 25.07.2025)

8) CFC ഗ്രാന്റ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

CFC ഗ്രാന്റ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവ കാരണം വ്യക്തമാക്കേണ്ടതാണ്.

CFC ഗ്രാന്റ് സുലേഖ , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , ACR ഇവ പ്രകാരം ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് I6+B3	വ
64,49,424	64,49,552	

128/- രൂപ ബാങ്ക് ചാർജാണെന്ന് മറുപടി ലഭ്യമാക്കി. (ഓഡിറ്റ് എൻക്വയറി നം 24 / 2024-25, 25.

9) മെയിന്റനൻസ് ഫണ്ട് റോതരം ACR ഉം ആയി പൊരുത്തപ്പെടുന്നില്ല.

CFC ഗ്രാന്റ് സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക I6+B3 ഇവ പ്രകാരം ചെലവ്	ACR പ്രകാരം ചെലവ്	വ
79,92,471	80,28,579	

എ.എസ്. പ്രോജക്ട് നം 205 പ്രകാരമുള്ള 35,008/- രൂപയുടെയും കൃഷി ഓഫീസറുടെ 1,100/- 288/25 കണ്ടിജന്റ് ചാർജ് കൃഷി) രൂപയുടെയും ബിൽ അംഗീകാരം ലഭിച്ചത് സമർപ്പിക്കാത്തതിനാലാണ് വ്യത്യാസം വന്നതെന്ന് മറുപടി ലഭ്യമാക്കി.

1-4-2 2020-21 സാമ്പത്തിക വർഷം ചെലവഴിക്കാതെ അവശേഷിച്ച ടൈഡ്, ബേസിക് ഗ്രാന്റിനത്തിലെ തുകകൾ ചെലവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷം അനുവദിച്ചതിൽ ചെലവഴിക്കാതെ ടൈഡ്, ബേസിക് ഗ്രാന്റിനത്തിലെ തുകകൾ 2021-22, 2022-23 വർഷങ്ങളിൽ റീഅലൊക്കേ

ചെലവഴിക്കാതെ അവശേഷിച്ചതിനെ തുടർന്ന് 2024-25 സാമ്പത്തിക വർഷം ചെലവഴിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി വിവിധ ഉത്തരവുകൾ പ്രകാരം അലോട്ട് ചെയ്തിരുന്ന ചുവടെ ചേർക്കുന്നു.

ഉത്തരവ് നം.	ഫണ്ട്	അലോട്ട് ചെയ്ത തു
4802/2024/ധന തീയതി 18/06/2024	സി.എഫ്.സി ടൈഡ്	1,68,10
4802/2024/ധന തീയതി 18/06/2024	സി.എഫ്.സി ബേസിക്	3,15,26
2075/2025/ധന തീയതി 04.03.2025	സി.എഫ്.സി ടൈഡ്	1,68,10
2075/2025/ധന തീയതി 04.03.2025	സി.എഫ്.സി ബേസിക്	3,15,25

മേൽ തുകകൾ സ്പിൽ ഓവർ വർക്കുകൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്ര ഏതൊക്കെ പ്രോജക്ടുകൾക്കായാണ് വിനിയോഗിച്ചതെന്നും, തുകകളുടെ വിനിയോഗ വിവരവും, തു ചെലവഴിക്കപ്പെട്ടോ എന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 89/ 2024-25, 01.08.2025) മറുപടി ലഭ്യമാക്കിയില്ല. മറുപ പരാമർശം ഒഴിവാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ന
വികസനഫണ്ട് (ജനറൽ)	0	1,90,91,742	1,90,91,742	2,18,77,982	
വികസനഫണ്ട് (എസ്.സി.പി)	0	1,13,72,313	1,13,72,313	1,24,88,187	
വികസനഫണ്ട് (CFC Tied)	0	80,97,709	80,97,709	26,32,205	
വികസനഫണ്ട് (CFC Untied)	0	43,36,829	43,36,829	38,17,219	
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	0	81,41,000	81,41,000	79,92,471	
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	90,55,000	90,55,000	84,63,236	

CSS	0	0	0	11,13,131	
SSS	0	0	0	1,32,69,082	

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (ജനറൽ), വികസനഫണ്ട്
(എസ്.സി.പി), CSS, SSS ഇവയുടെ മുന്നിരിപ്പ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ള

* വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെ
ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ്
രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെ

1-5 പദ്ധതി അവലോകനം

2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉ
പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാം
ചേർക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ)	
ഐ സി ഡി എസ്	28	27	1	75,60,415	63,74,322	
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	32	26	6	1,05,06,365	89,84,697	
മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ	24	22	2	69,23,048	54,34,283	
അസിസ്റ്റന്റ് എഞ്ചിനീയർ	89	55	34	4,25,77,502	2,17,98,772	
മെഡിക്കൽ ഓഫീസർ,ആയുർവേദം	6	5	1	8,40,091	8,01,753	
കൃഷി ഓഫീസർ	13	11	2	58,75,560	50,32,578	
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	0	25,12,268	10,30,255	
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	15	13	2	4,56,54,629	2,83,24,630	
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	19	15	4	59,196,966	2,88,33,840	
മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	0	5,08,332	4,55,057	
വെറ്ററിനറി സർജ്ജൻ	13	13	0	42,15,500	35,44,500	

ഹെഡ്മാസ്റ്റർ	14	13	1	22,69,815	21,87,224
അസിസ്റ്റന്റ് സെക്രട്ടറി	25	16	9	65,31,092	36,47,622

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശത
പൊതുവിഭാഗം (ജനറൽ)	2,59,84,044	2,18,77,982	8
എസ്.സി.പി.	1,46,25,236	1,24,88,187	8
ടി.എസ്.പി.	0	0	
ധനകാര്യ കമ്മിഷൻ അവാർഡ്	1,50,61,820	64,49,424	
കേന്ദ്രാവിഷ്കൃത ഫണ്ട്	82,20,890	11,13,131	
സംസ്ഥാനാവിഷ്കൃത ഫണ്ട്	2,17,80,000	1,32,69,082	
തനത് ഫണ്ട്	99,98,156	71,90,449	
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	89,54,900	68,18,912	
മറ്റ് ജില്ലാ പഞ്ചായത്ത്	1,10,86,926	53,26,967	
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	95,71,641	79,92,471	8
മെയിന്റനൻസ്ഗ്രാന്റ് റോഡ്	1,05,97,556	84,63,236	8
മറ്റുള്ളവ	55,624,116	2,47,32,050	
ആകെ	19,50,46,554	11,74,82,033	2

വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിന്റെ വികസനം ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ അനുവദിക വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജന നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധത പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായ പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധ വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാ ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ 8/12/23 തീയതിയിലാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല ഉദാ-പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം ,കുടിവെള്ളം ശു വൈവിദ്ധ്യ മാനേജ്മെന്റ്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നത പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒര വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുക ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡി പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അ നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

2. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. 2024-25 ൽ ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സംയോജന പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന് മറുപടി നൽകി.

3. Corporate Social Responsibility Fund

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsib Fund) ലഭ്യമാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനയും നിശ്ചയിക്കണമെന്നുള്ള വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, 2024-25 സാമ്പത്തിക വർഷം 12/2023, 9 തീയതികളിൽ മാത്രമാണ് ഗ്രാമസഭകൾ യോഗം ചേർന്നതായി കാണുന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായോ പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചതായോ കാണുന്നില്ല.

5. ആസ്തി സംരക്ഷണം

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടു രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-6 ക്ഷേമ പദ്ധതികൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എ
കർഷക തൊഴിലാളി പെൻഷൻ	53,06,200	308
വിധവാ പെൻഷൻ	2,32,81,600	1601
വാർദ്ധക്യകാല പെൻഷൻ	4,21,50,000	2954
വികലാംഗപെൻഷൻ	55,59,900	362
വിവാഹ ധനസഹായം	90,000	3
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	6,42,000	41

1-7 കാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ 23.07.2025 തീയതിയിൽ 3.30 PM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സ നടത്തുകയുണ്ടായി. പരിശോധനയിൽ 5,248/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെ

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത നൽകുകയും ചെയ്തിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക ചെയ്യുന്നുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചാ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത കെട്ടിടത്തിനും (അതിനോട് ചേർന്നു കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്ടിലെ വ്യ നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (വസ്തു നികുത ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളു പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-11-11 നിയമാനുസൃതമല്ലാത്ത നിർമ്മാണം – തുടർ നടപടികളിൽ അപാകം

1) നിയമാനുസൃതമല്ലാത്ത കെട്ടിട വിവരം വ്യക്തമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 (എ)(എ), 2011 ലെ കേരള പഞ്ച (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1) പ്രകാരം നിയമാ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10-ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്ത സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . കൂടാതെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിട നമ്പർ നല്കേണ്ടത് സാധാരണ കെട്ടിടനമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ലാ കെട്ടിടത്തിന്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ" (UA)എന്നു നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെ നല്കേണ്ടതാണെന്നും ചട്ടം 20(2) ൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ച നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്ന നമ്പരോ വർഷമോ നൽകി പഞ്ചായത്ത് രാജ് വകുപ്പ് 235 (എ)(എ) പ്രകാരം അനധികൃത കെട്ടിടങ്ങളിൽ കച്ചവടങ്ങൾക്കോ വ്യാ വ്യവസായങ്ങൾക്കോ അവ അധികൃതമാകുന്നതുവരെ ലൈസൻസ് നൽകാവുന്നതല്ല എന്ന് വ്യക്തമ കെട്ടിട നമ്പരിൽ നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്ന നമ്പ രേഖപ്പെടുത്താതിനാൽ നിയമാനുസൃതമല്ലാത്ത നിർമ്മാണത്തിലുൾപ്പെട്ട കെട്ടിടങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് (33/26.07.2025) നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ ഗണത്തിലാണ് ഇപ്രകാരമുള്ള ഉൾപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുത ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രം കെട്ടിട നമ്പർ നൽകുന്നതി സ്വീകരിക്കേണ്ടതാണ്.

2) കെട്ടിട വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ(ആർ.എ) വകുപ്പ് നം. 29342/ആർ എ1/2014 തി. 19.5.14 പ്രകാര നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്ഥാപനങ്ങൾ സൂക്ഷിക്കേ

അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ചട്ടലംഘനങ്ങൾ നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും സെക്രട്ടറി ഓരോ മ അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻ മേൽ തു സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും പരിശോധന നടത്തിയ വിവരം രേഖപ്പെടുത്തേണ്ടതാണെന്നും മേൽ സർക്കുലർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ മേൽ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുകയോ ചെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (33/26.07.2025) അപാകങ്ങൾ പരിഹരിക്കുമെന്ന് അ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

3) അനധികൃത നിർമ്മാണങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.08.2022 ലെ സർക്കുലർ നമ്പർ.ആർ.ബി3/178/2020-തസ്വ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി/നമ്പർ അനുവദിക്കുമ്പോൾ, കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും ആയത്, ലംഘിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭ സെക്രട്ടറിമാർ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുനീക്കാനാവശ്യമായ കർശന സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അനധികൃത നിർമ്മാണം തടയുന്നതിന ദിവസങ്ങളിൽ ഉൾപ്പടെ പ്രത്യേക സ്ക്വാഡ് പ്രവർത്തനം കർശനമായി നടപ്പാക്കണമെന്നും സ.ഉ(ആർ. തീ.07.09.2016 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടികളും ഗ്ര സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 25.06.2024 ലെ അജണ്ട-5, തീരുമാനം 1 പ്രകാരം വിവി സ്ഥാപനങ്ങളിൽ അനധികൃതമായി ധാരാളം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയതിനെ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരം അനധികൃത ക്രമവത്കരിക്കുന്നതിനുള്ള നോട്ടീസ് മാത്രമാണ് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളത്. സ്ഥാപനങ്ങളിൽ നടത്തി അനധികൃത കെട്ടിടങ്ങൾ പരിശോധിച്ച് ആയതിന്റെ നികുതി നിർണയിക്കുകയോ തുക പിര ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (33/26.07.2025) സ്ഥാപനങ്ങൾ നൽകിയിതിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്. അനധികൃത നിർമ്മാണം തടയുന്നതി നിർദ്ദേശപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വ അറിയിക്കേണ്ടതാണ്.

1-11-12 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അനുവദിച്ചു

1) ഇളവ് നൽകിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല

സ.ഉ.(കൈ) നം.140/2023/LSGD തീയതി 07-07-2023 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമു ഭാര്യമാർക്ക്/ വിധവകൾക്ക്, വസ്തു നികുതിയുടെ ഇളവ് ലഭിക്കുന്നതാനായി അഞ്ച് വർഷത ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇളവിന് അർ കെട്ടിടം, പിന്നീട് കൈമാറ്റം ചെയ്യപ്പെടുകയോ സ്വന്തം താമസ ആവശ്യത്തിനല്ലാതെ മറ്റ് ഉപയോഗിക്കുകയോ, ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം രണ്ടിരട്ടി പിഴയോടുകൂടി (അറിയിക്കുന്ന സമയം വ ഈടാക്കാമെന്നുള്ള വ്യവസ്ഥകളും ഉൾപ്പെട്ട ഒരു സത്യവാങ്മൂലവും ലൈഫ് സർട്ടിഫിക്കറ്റും അപേ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഇളവിന് അർഹരായവ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവുക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ലഭ്യമാക്കിയ രജിസ്റ്റർ അപൂർണമാണ്. മേ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ മറുപടിയിൽ (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/25.07.2025). രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ഒരു വ്യക്തിയുടെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ്

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് തറവിസ്തീർണം 2000 ചതു കൂടുതലുള്ള ഒരു വീടിന് മാത്രമാണ് ഇളവ് അനുവദിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന വ്യക്തിയുടെ ഒ കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ (2020 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷ ഉത്തരവ് പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട് .

വാർഡ്/കെട്ടിട നം.	നികുതി ഇളവ് നൽകിയ കാലയളവ്	പേര് /വിലാസം
6/626	2018 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ	സഫീർ എം.എം, എൻ.എസ്. ഹ ആലിന്റെമൂട്, ആൽത്തറമൂട്
6/626 B	2020 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ	

ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയ കാലയളവിലെ (2020 ഒന്നാം അർദ്ധവർഷം മുത അർദ്ധവർഷം വരെ) നികുതി ഡിമാന്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അപാകം പരിഹരിക്കുന്നതിന് നടപടികൾ സ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/25.07.2025). കെട്ടിടങ്ങളുടെ നി രേഖപ്പെടുത്തി കൂടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-13 കെട്ടിടങ്ങളുടെ കാലപ്പഴക്കം തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ച 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേത ചട്ടം 2(2)(lv)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താ കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുകലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പുതുതായി നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിട കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം(M^2)	കെട്ടിടത്തിന്റെ നികുതി നിർണയിച്ചത്	സഞ്ചയ രേഖപ്പെടു കാലപ്പഴ

4/242 A	ശ്രീകുമാരൻനായർ	പാർപ്പിടം	60	2023 ഒന്നാം അർദ്ധ വർഷം മുതൽ	20 വർ

ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അപാകം പരിഹരിക്കുന്നതിന് നടപടികൾ സ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 28/25.07.2025). കെട്ടിടത്തിന്റെ നികുതി പു കൂടിശ്ശിക ഇക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-1 പെർമിറ്റ് അനുവദിക്കുന്നതിലും രജിസ്റ്റർ പരിപാലനത്തിലും അപാകം

2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഏതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടി ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ട വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്ത ജോലിക്കും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. ഇപ്രകാ ഉദ്ദേശിക്കുന്ന പക്ഷം, ഉടമ അനുബന്ധം എ1-ലെ ഫാറത്തിൽ സെക്രട്ടറിക്ക് രേഖാമൂല സമർപ്പിക്കേണ്ടതാണെന്ന് ചട്ടം 5(1)(ബി) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപേക്ഷ ലഭിക്കുമ ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം ലിഖിതമായ ഉത്തരവ് മുഖേന സെക്രട്ടറി ആയത നൽകുകയോ അല്ലെങ്കിൽ ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയോ ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും ചട്ടം 13 ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേ വകുപ്പിന്റെ 29.01.2020 ലെ തസ്വഭവ ആർ.എ 1/444/2019-തസ്വഭവ നമ്പർ സർക്കുല നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണെന്നും ഇത് സെക്ര പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2024-25 ലെ പെർ പരിശോധിച്ചതിൽ വിവിധ അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിവിധ അപേക്ഷകളിന്മേൽ സമയബന്ധിതമായി പെർമിറ്റ് അനുവദ അപേക്ഷകളിന്മേലുള്ള അപാകങ്ങൾ അറിയിച്ചുകൊണ്ട് സമയബന്ധിതമായി അറിയിപ്പ് ന കണ്ടെത്തിയിട്ടുണ്ട്. സമയബന്ധിതമായി തീർപ്പാക്കാത്ത അപേക്ഷകളുടെ ഉദാഹരണങ്ങൾ ചുവടെ ചേ

I)പെർമിറ്റ് നിരസിച്ചുകൊണ്ട് കത്ത് നൽകിയത്

അപേക്ഷ നം .തീ	അപേക്ഷകൻ	അറിയിപ്പ് നൽകിയത്
2248/11.04.2024	ആരിഫ ബീവി	23.05.2024
2259/11.04.2024	സതീഷ് & അജിത നായർ	23.05.2024
2315/07.04.2024	ജയ	23.05.2024

2)പെർമിറ്റ് നൽകിയതിലെ കാലതാമസം

അപേക്ഷ നം .തീ	അപേക്ഷകൻ	പെർമിറ്റ് നൽകിയത്

3166/26.06.2024	നഹാസ്	30.01.2025
3182/27.06.2024	അസീം നാസർ	09.09.2024
3276/01.07.2024	സുധീറ ബീലി	20.09.2024

3) അപേക്ഷയുടെ തുടർ നടപടികൾ രേഖപ്പെടുത്താത്തത്

അപേക്ഷ നം .തീ	അപേക്ഷകൻ
3307/04.07.2024	സൂര്യ
3462/17.07.24	ദിനേശ്
4313/12.09.2024	സുലോചന

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (84/01.08.2025) മറുപടി ലഭ്യമാക്കിയില്ല. അ
വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12-2 നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പരിശോധിക്കാതെ അധിക നിർമ്മാണ പെർമിറ്റ് അനുവദിച്ചു

നിലവിലുള്ള കെട്ടിടത്തോടൊപ്പം അധിക നിർമ്മാണം നടത്തുന്നതിന് (എക്സ്റ്റൻഷൻ) പെർ
ഫയലുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള Existing Building-
സോഫ്റ്റ്വെയർ പ്രകാരമുള്ള വിസ്തീർണവും അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാനിലെ/ഗ്രാമപഞ്ചായ
നൽകിയ പെർമിറ്റിലെ Existing Building ന്റെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. .

ഫയൽ നമ്പർ	അപേക്ഷകൻ	പെർമിറ്റ് നമ്പർ/ തീയതി	Existing Building വിവരങ്ങൾ		
			നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ	സഞ്ചയ പ്രകാരമുള്ള വിസ്തീർണം (ച.മീ)	അപേക്ഷ പ്രകാരമുള്ള വിസ്തീർണം (ച.
A3/3182/2024	AZEEM NASSAR	A3-BA(290429)/ 2024/09.09.24	1/453	65	210.22

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (60/30.07.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.


2) പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂ ഒക്യൂപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർ സെക്രട്ടറി പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേ ഓഡിറ്റ് എൻകൃയറിക്ക് (60/30.07.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ


1-12-3 ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കു

ജി.ഒ.(പി) നം.10/2013/LSGD തീ. 17.01.2023 പ്രകാരം മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽ ഭേദഗത മൊബൈൽ ടവർ നിർമ്മാണം നടത്തുന്നതിനായി, നിശ്ചിത മാതൃകയിലുള്ള (അനുബന്ധം A5) ഇ നിയമാനുസൃത പ്ലാൻ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ അപേക്ഷകൻ ഗ്രാമപഞ്ചായത്ത് സമർപ്പിക്കേണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഒടുക്ക് വരുത്തേണ്ടതുമാണ്.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നികുതി നിർണയിച്ച 5 ടവറുകളാണുള്ളത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ Tarang Sanchar Portal (Tarangsanchar.Gov.In)പരി നഗരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 ടെലഫോൺ ടവറുകൾ (റൂഫ് ടോപ്പ് -2 എണ്ണം, ഗ്രൗണ്ട് നിലവിലുണ്ട്.



ചിത്രം 1 – ഗ്രാമപഞ്ചായത്തിന്റെ ഭൂപടം



ചിത്രം 2-Tarang Sanchar Portal പ്രകാരമുള്ള ചിത്രം

അനധികൃതമായി ടവറുകൾ പ്രവർത്തിക്കുന്നതിനെതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(71/31.07.2025) മറുപടി ല അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേ

1-12-4 നിയമാനുസൃത രേഖകൾ ലഭ്യമാക്കാതെ കെട്ടിട നമ്പർ നൽകുന്നു

ഫയൽ നം.	അപേക്ഷകൻ	കെട്ടിട ഉപയോഗം	വിസ്തീർണം
A3/4313/2024 തീ.20.01.2025	MUHAMMED RAFEEK.S(RAFEEK)	പാർപ്പിടം	342.77 ച.മീ

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 231/15/ത.സ്വ.ഭ.വ, തീ .09.07.2015 പ്രകാരം, പുതിയ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിചേർക്കലുകൾ വരുത്തുമ്പോഴും 1975-ലെ നികുതി നിയമപ്രകാരമുള്ള ഒറ്റ തവണ കെട്ടിട നികുതി (One Time Tax) ആദ്യ ഗഡു അടച്ചതി അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖയോ ഹാജരാക്കിയാൽ മാത്രമേ വസ്തുനികുതി നിർ നമ്പർ അനുവദിക്കാവുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തിൽ ക്രമവത്കരി കെട്ടിടത്തിന്റെ ഫയലിൽ ഉൾപ്പെടുത്തിയുള്ളത് 2022-23 വർഷത്തിൽ വില്ലേജ് ഓഫീസിൽ ഒറ്റത്ത ഒടുക്കിയതിന്റെ രേഖകളാണ്. സമർപ്പിച്ച പ്രസ്തുത രസീത് മേൽ കെട്ടിടത്തിന്റേതാണെന്ന് വ്യക്തമാക്കു രസീതിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഫയലിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികു ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ അനുബന്ധമായ ഫാറം 2, 6 എന്നിവയും സൂക്ഷ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (86/01.08.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 കെട്ടിടനിർമ്മാണ പെർമിറ്റ് നൽകൽ - അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 20, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മ അവയുടെ ഭേദഗതി ചട്ടങ്ങളും എന്നിവ പ്രകാരം കെട്ടിടങ്ങളുടെ പെർമിറ്റ് അനുവദിച്ച ഫയലുക

രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-13 തൊഴിൽ നികുതി – അപാകതകൾ

1) നികുതി ഡാറ്റാ ബേസ് പൂർണമല്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലു വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതും ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം നി നിർദ്ദേശിക്കാവുന്നതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇപ്രകാരമുള്ള എല്ലാ സ്ഥാ വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ അ രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നി ചെയ്യുന്നത്. കൂടാതെ പഞ്ചായത്ത് പരിധിയിലെ കമ്പനികൾ, ഷോപ്പുകൾ മുതലായ സ്ഥാപ ജീവനക്കാരുടേയോ വിവരവും ഇതിൽ രേഖപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എ (05/21.07.2025) മറുപടിയിൽ ഡേറ്റാ ബേസ് തയ്യാറാക്കി വരും വർഷങ്ങലിൽ നികുതി ഈ അറയിച്ചിട്ടുണ്ട്.

2) നികുതി കുറവായി ഈടാക്കി – ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3 ൽ അർദ്ധവാർഷിക വ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2024-2 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാർത്ഥ സ്ലാബ് നിരക്കിലല്ല തൊ ഈടാക്കിയിരിക്കുന്നത്. 2024-25 ഒന്നാം അർദ്ധവർഷത്തെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ജീവനക്കാരന്റെ പേര്/ ഉദ്യോഗഷേര്	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട തുക	ഈടാക്കി തുക
1	പി.എച്ച്.സി നഗരൂർ	ബൈജു സി, ഹോസ്പിറ്റൽ അറ്റൻഡന്റ്	1,54,860	1,250	1,
2	പി.എച്ച്.സി നഗരൂർ	സ്മൃതി എസ്.എസ്, നഴ്സ്	1,54,320	1,250	1,

ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) രേഖകൾ അപൂർണം

വിവിധ സ്ഥാപനങ്ങൾ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെയാണ് നികുതി നിർണ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ യഥാർത്ഥ നിരക്കിലാണോ നികുതി അടവാക്കിയിരിക്കുന്നതെന്ന് സാധിക്കാതെ വരുന്നു. ഉദാഹരണം-

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1.	വില്ലേജ് ഓഫീസ്, നഗരൂർ	ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ
2.	പോലീസ് സ്റ്റേഷൻ, നഗരൂർ	ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(05/21.07.2025) മറുപടിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

4) രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205(ഐ) പ്രകാരം ഓരോ സ പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതു അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികു വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ വിവരവും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(05/21.07.2025) മറുപടിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

5) റേഷൻകടകളിൽ നിന്നും കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാ നികുതി എന്നിവ ഈടാക്കിയിട്ടില്ല. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ നിന്നും നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവന ലൈസൻസ് – അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അനിവാര്യ ചുമതലകൾ പ്രകാരവും നിയമത്തിലെ വി പ്രകാരവും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപനങ്ങൾ നടത്തുന്നതിനും പ്രവർത്തി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവാദവും ലൈസൻസും വാങ്ങേണ്ടതുണ്ട്. കേരള പഞ്ചായത്ത് രാജ് 232, 233, 234(3) വകുപ്പുകളിൽ ഇക്കാര്യം വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ വകുപ്പ ഗ്രാമപഞ്ചായത്തിനുള്ള നിയന്ത്രണാധികാരങ്ങൾ ഉപയോഗിക്കുന്നതിന് വ്യക്തത വരുത്തുന്നതിനാ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ സേ ലൈസൻസ് നൽകൽ) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ ലൈസൻസ് ന ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) അറുപത് ശതമാനത്തിലധികം സ്ഥാപനങ്ങൾക്കും ലൈസൻസില്ല

ഹരിതകർമ്മ സേന പ്രവർത്തനവുമായി ബന്ധപ്പെട്ട ഹരിതമിത്രം ആപ്പ് പരിശോധിച്ച വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് (ഓഫീസ് സ്ഥാപനങ്ങൾ ഒഴികെ) ഹരിതകർമ്മ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

Category	No. Of Institution

Shop	623
Auditorium	3
Hotel And Food Court	14
Poultry Or Slaughter Or Fish Stall	7
Saloon Or Spa	1
Total	**648**

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഫീസ് ആവശ്യത്തിനുള്ള സ ഉൾപ്പെടെ ആകെ 252 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അന ആകെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ 60 ശതമാനത്തിലധികം സ്ഥാപനങ്ങളും ഗ്രാമപഞ്ചായ നിയമാനുസൃതമായ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (76/31.07.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് അനുവദിച്ച് 252 സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രേഖപ്പെടു ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തി അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധ ഓഡിറ്റ് എൻക്വയറിക്ക് (76/31.07.2025) മറുപടി ലഭ്യമാക്കിയില്ല. അപാകത്തിന് ലഭ്യമാക്കേണ്ടതാണ്.

3) മൂലധന നിക്ഷേപത്തിന്റെ വിവരം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈ എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പര സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (76/31.07.2025) മറുപടി ല അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-15 പൗൾട്രി മീറ്റ് വില്പന കേന്ദ്രങ്ങൾക്ക് ലൈസൻസ് – അപാകങ്ങൾ

1) ലൈസൻസ് കൂടാതെ സ്റ്റാളുകൾ പ്രവർത്തിക്കുന്നു.

സ.ഉ (കൈ) നമ്പർ 227/2021/LSGD തീയതി 7.10.2021 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ പ്രകാരം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ വ്യക്തി പുറപ്പെടുവിച്ച ഫോം പ്രകാരമുള്ള ലൈസൻസ് കൂടാതെ പൗൾട്രി സ്റ്റാളുകൾ പ്രവർത്തിപ്പിക്കാൻ പാടില്ല. ഹരിത പ്രവർത്തനവുമായി ബന്ധപ്പെട്ട ഹരിതമിത്രം ആപ്പ് പരിശോധിച്ചതിൽ 2024-25 വർഷത്തിൽ

സ്ഥാപനങ്ങൾക്ക് ഹരിതകർമ്മസേന മുഖേന സേവനം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പൗൾട്ര
ലൈസൻസ് നൽകിയിട്ടില്ല

CUSTOMER NUMBER	CUSTOMER NAME	WARD	TRADING TYPE	PROPERTY NUMBER	PROPERTY NAME	PROP TY
NAG-004-000647	Adarsh	4	Poultry	4/286	Farm Fresh Kozhikada	Poultry Slaught
NAG-005-000548	Suliman	5	Poultry	5/00	Raiha Halal Chikan Center	Poultry Slaught
NAG-001-000548	Nil	1	Poultry	Nil	Chikkan Store	Poultry Slaught
NAG-010-000323	Nuhras	10	Poultry	195	Nuhras Chicken Star	Poultry Slaught
NAG-001-000405	Abdhul Samafh	1	Poultry	Nill	Kozhikkada	Poultry Slaught

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (64/30.07.2025) മറുപടി ലഭ്യമാക്കിയില്ല. അ
വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) നിയമാനുസൃത രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ ഒരു പൗൾട്രി മീറ്റ് വില്പ
മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പൗൾട്രി മീറ്റ് (Poultry
കേന്ദ്രങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ.ഉ (കൈ) നമ്പർ 227/2021/LSGD തീയതി 07.10
പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ ഭാഗം 3 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത
ലൈസൻസ് അനുവദിച്ചപ്പോൾ മാർഗരേഖ പ്രകാരം അപേക്ഷനകൻ സമർപ്പിക്കേണ്ട വിവിധ രേഖ
സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ വിശദാംശം ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ പേര്	കെട്ടിട നമ്പർ	ലൈസൻസ് നമ്പർ
ധനലാൽ	X/109	178/2024-2025/A2/RPTL20/3737 തീ. 16.08.24

സൂക്ഷിക്കേണ്ട രേഖകൾ	ഫയ
1. പൗൾട്രിസ്റ്റാളിന്റെ ലേ ഔട്ട് പ്ലാനിൽ (ഉൾപ്പെടുത്തേണ്ടത്) l.മലിനപ്പെടുന്ന പ്രദേശവും ശുചിയായ പ്രദേശവും തമ്മിലുള്ള അതിർത്തി വ്യക്തമാക്കണം li.മറ്റ് പക്ഷികളുടെ സമീപ്യത്തിൽ പക്ഷികളെ കശാപ്പ് ചെയ്യാത്ത രീതിയിലുള്ള പ്രദേശങ്ങളുടെ തരം തിരിവ് lii.അടുത്തുള്ള വാസ ഗൃഹങ്ങളിൽ നിന്നും 10 മീറ്റർ അകലം lv. ഡ്രെയിനേജ്, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവയുടെ സ്ഥാനം V.ഈച്ചകളെ/കീടങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ	ഫയ സൂക്ഷ
2. മെഷീനുകളുടെ ഉപയോഗം ഉണ്ടെങ്കിൽ പ്രോസസ്സിംഗിനുള്ള മെഷീനുകളുടെ/ ഉപകരണങ്ങളുടെ ലിസ്റ്റ് ഉൾപ്പെട്ട പ്രോസസ് ഫ്ലോ ഡയഗ്രം	ഫയ സൂക്ഷ
3. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ	ഉണ്ട്

4. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് പ്രവർത്തിക്കാനുള്ള NOC/സമ്മതപത്രം	ഉണ്ട്
5. മാനദണ്ഡങ്ങൾക്കനുസരിച്ച് FSSAI-ൽ നിന്നുള്ള രജിസ്ട്രേഷൻ/ലൈസൻസ്	ഫയ സൂക്ഷ
6. രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് ലഭിച്ച കശാപ്പുകാരന്റെ ആരോഗ്യ സർട്ടിഫിക്കറ്റുകൾ	ഉണ്ട്
7. മാലിന്യ സംസ്കരണത്തിനായി ലൈസൻസുള്ള റെൻഡറിംഗ് യൂണിറ്റുകളുമായുള്ള കരാറിന്റെ പകർപ്പ് അല്ലെങ്കിൽ അപേക്ഷകൻ സ്വീകരിക്കേണ്ട മാലിന്യ നിർമാർജന രീതിയുടെ വിശദാംശങ്ങൾ	ഉണ്ട്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (64/30.07.2025) മറുപടി ലഭ്യമാക്കിയില്ല. അ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും (– അപാകങ്ങൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997 -ലെ കേരള പഞ്ചായത്ത് (ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ട രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നി സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരി കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) രജിസ്ട്രേഷൻ പുതുക്കിയില്ല

സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ പരിശോധിച്ച വർഷത്തിൽ രജിസ്ട്രേഷൻ നേടിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 ൽ സ്വകാര്യ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

ക്രമ നം	നടത്തിപ്പുകാരന്റെ പേര്	സ്ഥാപനം
1	മായ എസ് മോഹൻ	ഗേറ്റ്വെൽ ഫിസിയോ തെറാപ്പി ക്ലിനിക്ക്
2	സാബു ജി	കാരുണ്യ ക്ലിനിക്ക്
3	വൈഷ്ണവി	സ്മൈൽ ക്രാഫ്റ്റ് ഡന്റൽ ക്ലിനിക്ക്

2) രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഹരിതകർമ്മ സേന പ്രവർത്തനവുമായി ബന്ധപ്പെട്ട ഹരിതമിത്രം ആപ്പ് പരിശോധിച്ചതിൽ 2024-2 താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഹരിതകർമ്മസേന മു ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ എടുത്തിട്ടില്ല .

SI NO	CUSTOMER NUMBER	CUSTOMER NAME	BUILDING NUMBER	PROPERTY NAME
1	NAG-006-000633	Nadirsha	6/000	Devi Scan Lab
2	NAG-011-000573	Sarajuthn	11/60-E	Dental Clinilc
3	NAG-011-000545	Dr Jith M S	11/00	Clinc/Dispensary
4	NAG-006-000588	Saju G	6/516 F	Karunya Clinic
5	NAG-006-000582	Vaishnavi	6/499 E	Smile Craft Dental Clinic
6	NAG-001-000392	Nil	01/408	Homoeo Care Clinic
7	NAG-011-000427	Rahul	11/10	Thoppil Dhandhashupathri
8	NAG-004-000030	Aswathy	4/68_69	Meditech
9	NAG-004-000027	Girija	4/1071,1072	Veena Lab

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (10/23.07.2025) മറുപടിയിൽ ന രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടത

1-17 ജിംനേഷ്യം – Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് നൽകിയിതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

WP(C)No.22937/2021 നമ്പർ കേസിലെ ബഹു.ഹൈക്കോടതി വിധിന്യായം പ്രകാരവും തദ്ദേശ വകുപ്പിന്റെ 01-08-2022 ലെ നം. എൽഎസ് ജിഡി-ആർഡി1/47/2022 സർക്കുലർ പ്രകാരവും സംസ്ഥാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Pub പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ വ്യക്തമാക്കിയിട്ടുണ്ട്.

2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ജിംനേഷ്യങ്ങൾ പ്രവർത്തിച്ചിരുന്നതായ് ആപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് മേൽ ലൈസൻസ് നൽകിയത വിവരം രജിസ്റ്ററിലോ ഫയലിലോ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ

Customer No	Name	Ward	Category
NAG-009-000274	Babygirija	9	Gym/Gymnasium/Fitness Centre
NAG-006-000650	Vineeth	6	Gym/Gymnasium/Fitness Centre

ഗ്രാമപഞ്ചായത്ത് പരിധിയിലെ ജിംനേഷ്യങ്ങളുടെ വിവരവും അവയിൽ 2024-25 വർഷത്തിൽ Ker Public Resort Act പ്രകാരമുള്ള ലൈസൻസ് അനുവദിച്ച ജിംനേഷ്യങ്ങളുടെ വിവരവും ലഭ്യമാക്കാൻ നട എൻക്വയറിക്ക് (61/30.07.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-18 രജിസ്ട്രേഷൻ കൂടാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രഷൻ ഫീസും പഞ്ചായത്തിൽ ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഉദാഹരണമായി ഹരിതമിത്രം ആപ്പ് പരിശോധിച്ചതിൽ 20 പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ട്യൂട്ടോറിയൽ നൽകിയിട്ടില്ല.

Customer No.	Customer Name	Building No	Catogory	Institution Name
NAG-010-000312	Raji	10/298	Training Institute	Sree Mukambikha
NAG-007-000375	Anoop	7/37	Training Institute	Science Master

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/26.07.2025) അപാകം പരിഹ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-19 ടെലികോം കമ്പനികളുടെ ജി.ഐ പോൾ വാടക ഈടാക്കുന്നില്ല

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗരഗ്രാമ പ്രദേശങ്ങളിലൂടനീളം 'ഫൈബർ ടു ദ ളുണകൾ (GI Poles) സ്ഥാപിക്കുന്നതിന് വാടക നിരക്ക് നിശ്ചയിക്കാൻ സർക്കാരിനോട് അഭ്യ അടിസ്ഥാനത്തിൽ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന തീയതിയിലെ സ.ഉ(സാധാ) 89/2020/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർഗ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ളുണകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ല ഓരോ ളുണിനും 360/- രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതും പ്ര വർദ്ധനവോടെ വാടക ഈടാക്കേണ്ടതും 5 വർഷത്തിന് ശേഷം വാടക പുതുക്കേണ്ടതുമാണ്. തദ്ദേ വകുപ്പിന്റെ 17.07.2021 ലെ ഡിസി2/110/2021/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഇത് സംബന്ധിച്ച പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഇപ്രകാരം പോളുകൾ സ്ഥാപിച്ച ഇന വാടകയുടെ വിവരം ലഭ്യമാക്കുന്നതിന് (77/31.07.2025) ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ട

ധനകാര്യ പത്രിക പരിശോധിച്ചതിൽ 2024-25 വർഷം ഇപ്രകാരം തുക ഈടാക്കിയിട്ടില്ല. തുക സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-20 വാടക, ലേലം – രേഖകൾ ലഭ്യമാക്കിയില്ല

I) വാടക

വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 വർഷത്തിൽ വാടക ഇനത്തിലുള്ള ഡിമാന്റ് ചേർക്കുന്നു.

ഇനം	തുക
Rent From Building	86,106
Rent From Auditorium And Halls	12,400
Arrear Rent From Building	66,790

1) വാടക രജിസ്റ്റർ പ്രകാരം 7 കടമുറികൾ വാടകയ്ക്ക് നൽകുന്നത് മുഖനേയാണ് സ്ഥാപനത്തിന് Rent ഇനത്തിൽ വരവ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുമായി പ്രസ്തുത വാടകക്കാർ ചമച്ച കരാർ ലഭ്യമാക്കിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രിക പ്രകാരം Rent From Building -ന്റെ 01.04.2024 ലെ കുടിശ്ശിക തുക 667 എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കടമുറിയുടെ 2024-25 വർഷത്തെ വാടക പൂർണമായും ഈ

ഷോപ്പ് നമ്പർ	വാടകക്കാരന്റെ പേര്	മാസവാടക	കുടിശ്ശിക കാലയളവ്
III	സിവിൽ സപ്ലൈസ്	1763	2024 ഒക്ടോബർ മുതൽ 2025 മാർച്ച് വ

4) സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയത്തിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള കൗ സമിതി അംഗീകരിച്ച വാടക വ്യവസ്ഥകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാക രേഖപ്പെടുത്തലുകൾ അപൂർണവുമാണ് .

5) വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക

6) ഷോപ്പ് നം.VIII, 2024 ഒക്ടോബർ മുതലും ഷോപ്പ് നം.V, 2024-25 വർഷത്തിൽ പൂർണമായി അടഞ്ഞ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കാരണവും ഷോപ്പുകൾ പ്രവർത്തന ക്ഷമമാക്കുന്നതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയതും ലഭ്യമാക്ക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/25.07.2025) മറുപടി ലഭ്യമാക്കിയില്ല. അ രേഖകൾ സഹിതെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II) ലേലം

പരിശോധനയ്ക്ക് ലഭ്യമാക്കിയ ലേല ഫയലിൽ 2024-25 വർഷത്തേക്കുള്ള ലേലവുമായി ബന്ധപ്പെ ഉൾപ്പെട്ടിട്ടില്ല. കൂടാതെ രജിസ്റ്ററും രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽ റിക്വീസിഷൻ (01/23.07.2025), ഓഡിറ്റ് എൻക്വയറി (76/31.07.2025) എന്നിവയ്ക്ക് മറുപടി ല അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ – അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2024ലെ കേരള പഞ്ചായത്ത് രാജ് (
ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം ലൈവ്സ്റ്റോ
സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. ഹരിത
പ്രവർത്തനവുമായി ബന്ധപ്പെട്ട ഹരിതമിത്രം ആപ്പ് പരിശോധിച്ചതിൽ 2024-25 വർഷത്തിൽ
ഫാമുകൾക്ക് ഹരിതകർമ്മസേന മുഖേന സേവനം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫാമുക
ഇല്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

CUSTOMER NUMBER	CUSTOMER NAME	WARD	TRADING TYP
NAG-011-000633	Sheeba	11-NEDUMPARAMBU	Farm
NAG-010-000466	Chandrasekarannair	10-THANNIKONAM	Farm
NAG-017-000048	Neesamuthin	17-KARIMPALODU	Farm
NAG-009-000032	Arunkumar	9-PAVOORKONAM	Farm

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (11/23.07.2025) മറുപടിയിൽ ലൈസൻസ് ന
നടപടികൾ കാര്യക്ഷമമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-22 വളർത്തു നായകൾ ലൈസൻസ് നൽകുന്നതിൽ അപാകം

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ട
പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2
മുതൽ ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച നായ
ചുവടെ ചേർക്കുന്നു.

വർഷം	ലൈസൻസ് അനുവദിച്ച നായകൾ	ലൈസൻസ് ഫീസ്
2022-23	303	6,140
2023-24	35	1,850
2024-25	25	1,250

W.P.(C)No.13204/2021 കേസുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08
RC3/241/2021/LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ വളർത്തു നായകൾക്കും നിർബന്ധമായും
എടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2022-2
മാത്രമാണ് വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുള്ളത്. തുട
ലൈസൻസ് നൽകുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽ
എൻക്വയറിയുടെ (11/23.07.2025) മറുപടിയിൽ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കാര്യക
അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-23 തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള സ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല

1) കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയ കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനക ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിച്ചിട്ടി നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻ 06/21.07.2025). തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) നികുതി നികുതിയേതര വരുമാനങ്ങളുടെ അവലോകനം നടപ്പാക്കിയിട്ടില്ല

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേ മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്ത ഗ്രാമപഞ്ചായത്തിലെ ഭരണസമിതി മിനിറ്റ്സും ഗ്രാമ സഭ മിനിറ്റ്സും പരിശോധിച്ചതിൽ ഇപ്രകാര സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടു എൻക്വയറി നം. 06/21.07.2025) തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) നികുതി കുടിശ്ശിക വിവരം പ്രസിദ്ധീകരിച്ചിട്ടില്ല.

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ആറാം ധനക ശുപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(കൈ).നം.124/2022/തസ്വഭവ തീ.15.06.2022 പ്രകാരം വ്യക്ത കൂടാതെ വിവിധ നികുതി നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വൈബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്വീകരിക്കേണ്ടതാണെന്നും ഏതു തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകര അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽഇപ്രകാരം കു പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ട് നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എ 06/21.07.2025) തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 തനത് വരുമാനം - നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാ

1) കുടിശ്ശിക തുക ഈടാക്കുന്നില്ല

സ.ഉ.(സാധാ) നം.2858/2024/ധന. തീയതി, 22.03.2024, സ.ഉ.(സാധാ) നം.179/2022/ധന. തീയ പ്രകാരം സാമ്പത്തിക വർഷത്തിൽ തനത് നികുതി നികുതിയേതര പിരിവ് 90% പൂർ തദ്ദേശസ്ഥാപനങ്ങളുടെ തൊട്ടടുത്ത വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്നും 1% തുക കുറവ് ചെ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം പ അവശേഷിക്കുന്ന വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക

Receivables For Property Tax On Residential Buildings(Current)	67,466
Receivables For Property Tax On Residential Buildings (Arrears)	95,710
Receivables For Property Tax On Non-Residential Building(Current)	81,216
Receivables For Property Tax On Non-Residential Buildings (Arrears)	60,816
Rent Receivables From Buildings(Current)	17,800
Rent Receivables From Buildings(Arrears)	19,565

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/26.07.2025) ജീവനക്കാരുടെ കുറവ് കാരണ പൂർണമായും പിരിച്ചെടുക്കാൻ സാധിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. കുടിശ്ശിക തുക പിരി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമല്ല

റവന്യൂ വകുപ്പിന്റെ റവന്യൂ റിക്കവറി പോർട്ടൽ മുഖേന നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടു ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 2 ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും പ്രസ്തുത ആരംഭിക്കാമായിരുന്നതായ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം ആരംഭിക്കുവാൻ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിൽ വീ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം നഷ്ട തുക ഈടാക്കേണ്ടതാണെന്നും വക വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/26.07.2025) ജീവനക കാരണവും കെ സ്മാർട്ടിലെ അപാരം കാരണവുമാണ് റവന്യൂ റിക്കവറി നടപടികളിൽകാലതാമ എന്നാണ് അറിയിച്ചിട്ടുള്ളത്. വന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കി കുടിശ്ശിക തുക പിരി നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന തുക ഈടാക്കുന്നില്ല

2023 ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം (നമ്പർ.15(2)/ലെഗ്.എ2/2023 നിയമം ത നികുതി, ഉപനികുതി, ഫീസ്, വാടക മുതലായവയുടെ കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, തന്റെ വാറണ്ടുപ്രകാരം, വീഴ്ച്ച വരുത്തുന്ന വസ്തുക്കൾ ജപ്തി ചെയ്ത വിറ്റ് നേരിട്ട് ഈടാക്കാവുന്നതാണ്. കൂടാതെ ഏതെങ്കിലും കാരണ വരുത്തുന്നവരുടെ വസ്തു ജപ്തി ചെയ്യുന്നതോ, വസ്തു പര്യാപ്തമാംവിധം ജപ്തി ചെയ്യുന്നതോ അപ്രായോഗി സെക്രട്ടറിക്ക്, വീഴ്ചക്കാരെ മജിസ്ട്രേട്ട് മുമ്പാകെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണെന്നും വ്യക്തമാക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/26.07.2025) നേരിട്ട് തുക പ്രായോഗികമല്ലാത്തതിനാൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നടപടികൾ കാര്യക്ഷമമാക്കി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 അങ്കണവാടികളിൽ പോഷകാഹാരം – ജി.എസ്.ടി തുക കുറവ് ചെയ്യേണ്ടതാണ്

പ്രോജക്ട് നം.	174/25	30/25	57/25
പ്രോജക്ടിന്റെ പേര്	അങ്കണവാടികളിൽ പോഷകാഹാരം(സ്പിൽ ഓവർ)	അങ്കണവാടികളിൽ പോഷകാഹാരം	അങ്കണവാടികളിൽ പോഷകാഹാരം
നിർവഹണം	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	ഐ.സി.ഡി.എസ് വൈസർ
അടങ്കൽ	1,26,000	8,00,000	25,
ചെലവ്	1,26,000	5,31,914	18,

അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിനാണ് മേൽ പദ്ധതിക ചെയ്തത്. പദ്ധതി പ്രകാരം 2023-24, 2024-25 വർഷങ്ങളിൽ ന്യൂ വിറ്റ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന ന നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ട വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 5 നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എ 2,50,000/- രൂപയിൽ കൂടുതലുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്ന സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതുണ്ട്. കൂടാതെ വനിത ശിശുവികസന ഡയറക്ടറുടെ 18.08.2021 ലെ ICDS നമ്പർ കത്ത് പ്രകാരം അമൃതം ന്യൂട്രിമിക്സ് തുക അനുവദിക്കുമ്പോൾ ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെ വ്യക്തമാക്കിയിരുന്നു. എന്നാൽ അമൃതം ന്യൂട്രിമിക്സ് വാങ്ങിയപ്പോൾ വിതരണം ചെയ്ത സ്ഥാപ അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയുടെ (59/29.07.2025) മറുപടിയിൽ സർക്കാരിൽ നിന്നും ലഭ്യമാകാത്തതിനാലാണ് തുക കുറവ് ചെയ്യാത്തതെന്നും തുടർ വർഷങ്ങളിൽ ആയത് കുറവ് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതമായ ടി.ഡി.എസ് കുറവ് ചെയ്ത് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ

1-26 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ – പ്രൊക്യൂർമെന്റ് നടപടികളിൽ അപ

പ്രോജക്ട് നം.	167/25	22/25	92/25
പ്രോജക്ടിന്റെ പേര്	വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ)	വയോജനങ്ങൾക്ക് കട്ടിൽ	വയോജനങ്ങൾക്ക് കട്ടിൽ
നിർവഹണം	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	അസിസ്റ്റന്റ് സെക്രട്ട
അടങ്കൽ	3,69,750/-	4,87,200/-	1,08,750/
ചെലവ്	3,68,893/-	4,86,974/-	1,08,700/
ബിൽ നമ്പർ			618, 06/03/202 1,08,700/-

അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധതികൾ ഉൾപ്പെടെ) വിഭാവനം ചെയ്തത്. പദ്ധതികൾ പ്രകാരം ARTCO -ൽ നിന്നും താഴെപ്പറയും പ്രകാരമു നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പ്രോജക്ട് നം	കട്ടിൽ സ്പെസിഫിക്കേഷൻ	നിരക്ക്	എണ്ണം	തുക
167/25	OLLI-HW COT Length – 1.98 M Width- 90 Cm Front Leg -60 Cm Back Leg-50 Cm Plywood 8mm Thickness	3677.90+18% GST	85	3,6
22/25	OLLI-HW COT Length – 1.98 M Width- 90 Cm Front Leg -60 Cm Back Leg-50 Cm Plywood 8mm Thickness	3684.74+18% GST	112	4,8
92/25	OLLI-HW COT Length – 1.98 M Width- 90 Cm Front Leg -60 Cm Back Leg-50 Cm		25	1,(

G.O.(Rt)No.30/2024/SPD തീ.07.03.2024 പ്രകാരം ആർട്കോ നിർമ്മിച്ച തടി, സ്റ്റീൽ ഫ ഉത്തരവിലെ അനുബന്ധം I മുതൽ VII വരെയുള്ള നിരക്കുകൾക്ക് വിധേയമായി ടെൻഡർ കൂടാതെ നേ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ പാലിച്ച് ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും ഉത്തരവിൽ വ്യക്ത കൂടാതെ സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ച 02.02.2023 ലെ SPD-A3/55/2022-SPD നമ്പർ സർക സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങ സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർസ് പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പ നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാതെ നടത്തുന്ന എല്ലാ പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്ന പ്രകാരം ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയ മേൽ ഇനങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരം പ്രകാരം) ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയുടെ (59/29.07.2025)മറുപടിയിൽ മുൻവർഷത്തിൽ ആ നിന്നും നേരിട്ട് വാങ്ങിയ കട്ടിലുകൾ ഗുണനിലാവാരമുണ്ടായിരുന്നുവെന്നും ആയതിന്റെ അടി പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് വാങ്ങൽ നടത്തിയിട്ടുള്ള മറുപടിയിൽ അറയിച്ചിട്ടുള്ളത്. ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങ പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപട വിധേയമായി മാത്രം വാങ്ങൽ നടത്തേണ്ടതാണ്.

1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും – 4,980/- രൂപ നിരാകരിക്

പദ്ധതിയുടെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്
പ്രോജക്ട് നമ്പർ	159
അടങ്കൽ	വികസനഫണ്ട് (SCP) 2,68,899/-
ചെലവ്	BillNo. 232/9.5.2024-2,68,899/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന ആർട്ട്കോ ലിമിറ്റഡിൽ നിന്ന് നാല് ഇൻവോയിസുകളിലായി ജി.എസ്.ടി ഉൾപ്പെടെ 2,68,899/- രൂ 54 മേശയും കസേരയും വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ താഴെപ്പറയുന്ന അപാകതകൾ കാണുന്നു,

1. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള അബി വിപിൻ (മാതാവ് ഷീബ.എസ സർട്ടിഫിക്കറ്റിൽ OBC /Ezhava എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എസ്.സി ഫണ്ട് ഉപയോഗിച്ച് പദ്ധതിയിൽ പ്രസ്തുത ഗണത്തിൽ പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി

2. സബ്സ്ഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് പഠനകാലയളവിൽ ഒരിക്കൽ ആനുകൂല്യം നൽകാവുയെന്നും പട്ടികജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നോ സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിര സൂക്ഷിച്ചിട്ടില്ലാത്തതിനാലും പട്ടികജാതി വികസനവകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും മുൻപ് ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം.38/ 26.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനായി പട്ടികജാതി വികസനഫണ്ട് ചെലവഴിച്ച് പദ്ധതിയിൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം നൽകിയതിനാൽ ഒര കസേരയുടേയും വിലയായ 4,980/- രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-28 ഭരണസമിതി തീരുമാനം – തുടർനടപടി – വിവരം ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന ഭരണസമിതി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ ലഭ്യമാക്കേണ്ടതാണ്.

ഭരണസമിതി തീരുമാനം നം. തീയതി	തീരുമാനം
18.01.2025, Agenda 4 തീരുമാനം 6	ആയുർവേദ ഡിസ്പെൻസറി നിലനിൽക്കുന്ന ഭൂമി നെടുംപറമ്പ് കൃഷ്ണവിലാസത്ത് എന്നയാളുടെ കരംതീരുവയിലുള്ളതാണ് എന്ന് ടിയാൻ അവകാശപ്പെട്ട സാഹ ആയത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെ തഹസിൽദാർ(ഭൂരേഖ)യോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.
15.02.2025, Agenda 9തീരുമാനം 14	കാർഷികാവശ്യത്തിനായി പാവൂർക്കോണം ഹനുമാൻ ക്ഷേത്രം റോഡ് മുറിച്ച് പൈ സ്ഥാപിക്കുന്നതിനായുള്ള അനുമതി ലഭിക്കുന്നതിനായി രഞ്ജിത്ത്ഭാസി, രേ പാവൂർക്കോണം സമർപ്പിച്ച അപേക്ഷ, അസിസ്റ്റൻറ് എഞ്ചിനീയറുടെ റിപ്പോർട്ട് എ സമിതി അംഗീകരിച്ചും, റോഡ് കട്ടിംഗ് ഫീസ് ഇനത്തിൽ 7,661/- രൂപ ഈടാ

	പ്രസ്തുത ഫീസ് ഈടാക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ സാന്നിദ്ധ്യത്തിലും റോഡ് മുറിച്ച് പൈപ്പ് ഇടുന്നതിനും, ആയതിന് ശേഷം എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ റോഡ് പുനസ്ഥാപിക്കുന്നതിന് അനുമതി തീരുമാനിച്ചു.
15.05.2024 Agenda 11 തീരുമാനം 1	കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചാ വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പൈ സ്ഥാപിക്കുന്നതിനായി നഗരൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആയിരവല്ലി റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായും പൈപ്പ് ലൈൻ സ്ഥാപിച്ച റോഡ് പുനസ്ഥാപനം സ്വന്തം ചെലവിൽ നിർവ്വഹിക്കാമെന്ന് ചിക്കാഗോ കണ ഇൻറർനാഷണൽ(പ്രൈ).ലിമി പറയുന്നു എങ്കിലും പുനസ്ഥാപന ചെലവ് വാങ്ങേണ്ടതാണ് എന്ന് ഭരണസമിതി വിലയിരുത്തി. പുനസ്ഥാപ അസി.എഞ്ചിനീയർ LID & EW മുഖേന കണക്കാക്കുന്നതിനായി ടി പ്രവൃത്തിയു ലഭ്യമാക്കുന്നതിനും അസി.എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് ലഭ്യമ തുടർനടപടി സ്വീകരിക്കുന്നതിനും അംഗീകരിച്ചു തീരുമാനിച്ചു.
25.06.2024 Agenda 4 തീരുമാനം 1	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭ്യമായ കിടക്ക, തലയണ പ നിന്ന് 2 കിടക്കയും 4 തലയണയും ആവശ്യപ്പെട്ട് ബഡ്സ് സ്കൂൾ ടീച്ചർ സമർ യോഗം അംഗീകരിച്ചും ആവശ്യപ്പെട്ട പ്രകാരം 2 കിടക്കയും 4 തലയണയും ബഡ നൽകുന്നതിനും അവശേഷിക്കുന്നവയിൽ നിന്ന് കിടക്കയും തലയണകളും പകൽ പാലിയേറ്റീവ് കെയർ രോഗികൾക്കുമായി കൈമാറുന്നതിനും തീരുമാനിച്ചു.
8.10.2024 Agenda 5 തീരുമാനം 6	സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള കേന്ദ്ര-സംസ്ഥാന സർ സംയുക്ത പദ്ധതിയായ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷനുകളുടെ (ഗാർഹിക/ഗാർഹികേതര) കണക്ഷനുകളുടെ എണ്ണം, ഗുണഭോ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുമില്ല. ജലജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാ എടുക്കുന്നതിൻറെ ഭാഗമായി ടാർ/കോൺക്രീറ്റ് ഉൾപ്പെടെ ഇളക്കി മാറ്റിയ റോഡുകളുടെ നാശത്തിന് കാരണമാകുന്നത് കൂടാതെ വൻസാമ്പത്തിക നഷ്ടമാ വയ്ക്കുന്നത്. ഇപ്രകാരം തകർന്ന ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിൽ ആക്ക ജലജീവൻ മിഷൻ അധികൃതരുടെയും ഗ്രാമപഞ്ചായത്തിൻറെ സംയുക്ത പര ആയതിൻറെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കലും അനിവാര്യമാണ്. മറ്റ് പഞ്ചായത്തുകളിൽ ഉൾപ്പെടെ ജലവിതരണം നടത്തുന്നതിനാ ഗ്രാമപഞ്ചായത്ത് പ്രദേശത്തായി രണ്ട് വാട്ടർ ടാങ്കുകൾ ആണ് സ്ഥാപിച്ചിട്ടുള്ള നഗരൂർ ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് കുടിവെള്ളം ലഭ്യമാകുന്നതിന് സൌകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതുമാണ്. ടാങ്ക് നിർമ്മാണ പ്രവർത്തനങ്ങൾ ഉ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തിനും മേൽ അ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ജലജീ അധികൃതരോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13/23.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന ലഭ്യമാക്കേണ്ടതാണ്.

1-29 വനിതാഗ്രൂപ്പുകൾക്ക് ശിങ്കാരി മേളം- വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ – 4,5 രൂപ തടസ്സം ചെയ്യുന്നു

പദ്ധതിയുടെ പേര്	വനിതാഗ്രൂപ്പുകൾക്ക് ശിങ്കാരി മേളം- വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്
പ്രോജക്ട് നമ്പർ	122
അടങ്കൽ	വികസനഫണ്ട് – 4,75,000/- ഗുണഭോക്തൃവിഹിതം – 25,000/-
ചെലവ്	BillNo. 784/21.03.2025 – 4,75,000/- 1024/24.3.2025 – 25,000/-

കലാതൽപ്പരരായ യുവതികളുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ വരുമാന സാധ്യതയും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ട പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.11 പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ് യുവജനങ്ങളുടെ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട, അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എ നൽകാവുന്നതാണെന്നും 5% തുക ഗുണഭോക്തൃവിഹിതമായി അടയ്ക്കണമെന്നും നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 3 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്യം നൽകാവൂയെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിവും പ്രാവീണ്യവുമുള്ള 5 അംഗങ്ങളെങ്കിലുമുള്ള ഗ്രൂപ്പ് രൂപീ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ഏത് ഗ്രൂപ്പിനാണ് ആനുകൂല്യം ന വ്യക്തമല്ല. ഗുണഭോക്തൃലിസ്റ്റിൽ 6 വ്യക്തികളുടെ പേരാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ഗ്രൂപ്പുകൾ പ്ര ഉൾപ്പെട്ടിട്ടില്ല. കൂടാതെ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗ്രൂപ്പുകൾക്കാണോ നൽകിയിട്ടുള്ളതെന്നും ഉറപ്പാക്കാനാകുന്ന രേഖകളൊന്നും തന്നെ ഫയലിനോടൊപ്പം ലഭ്യമല്ല.

2. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങൾ ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം. 36/26.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 4,50,000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യ ഒഴിവാക്കേണ്ടതാണ്.

1-30 സ്കൂളുകളിൽ ശലഭ പാർക്ക് – അപാകതകൾ

പദ്ധതിയുടെ പേര്	സ്കൂളുകളിൽ ശലഭ പാർക്ക്
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. നഗരൂർ.
പ്രോജക്ട് നമ്പർ	160
അടങ്കൽ	വികസനഫണ്ട് 35,000/-
ചെലവ്	Bill No. 31/9.5.2024

സ്കൂളുകളിൽ ശലഭ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ വികസനഫണ്ടിൽ നിന്ന് 35,000/- രൂപ ചെലവഴിച്ച് District Agricultural Farm Peringammala ഇൻവോയിസ് നം. DAF/B/ Inv. No. 281/23-24/7.2.2024 പ്രകാരം ചെടികൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്കിലെടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ വിശദാംശം ലഭ്യമല്ല. അവ ഏതൊക്കെ നടപ്പിലാക്കിയതെന്ന് വ്യക്തമല്ല. 01.08.2025 ൽ G.V.S L.P.S നഗരൂരിൽ നടത്തിയ സ്ഥലപരിശോ നിർവ്വഹണ ഉദ്യോഗസ്ഥയായ ശലഭ പാർക്ക് നിർമ്മാണം പരിശോധിച്ചതിൽ Snake Plant, കുറ്റി മുള രണ്ട് തൈ എന്നിവ മാത്രമാണ് കാണാൻ കഴിഞ്ഞത്. ആയതിനാൽ തന്നെ പദ്ധതി കൈവരിച്ചോയെന്ന് ഓഡിറ്റിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എ 88/01.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 ഹരിതകർമ്മസേനാ വാഹനം – വാറണ്ടി പീരിഡിനുള്ളിൽ ബാറ്ററി മാറ്റി വാങ്ങിയ 3 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

